# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 1 RNI Reg. No. TNBIL/2016/70171 ISSUE - 1
JANUARY - 2017 TAMIL & MALAYALAM

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427- 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com

**‘യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിന് ഞങ്ങളെ നിങ്കലേക്കു മടക്കിവരുത്തേണമേ; ഞങ്ങൾക്കു പണ്ടത്തെപ്പോലെ, ഒരു നല്ല കാലം വരുത്തേണമേ’ (വിലാപങ്ങൾ 5:21).**



കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും എന്റെ ആശംസകൾ. 2017 ജനുവരി മാസത്തെ മാസിക വിവരം വളരെ വൈകിയാണ് പ്രസിദ്ധീകരിക്കുന്നത്. ഇനി അതതു മാസത്തിൽ പ്രസിദ്ധീകരിക്കാനുള്ള ചില ഏർപ്പാടുകളെ ഞാൻ ചെയ്തുവരുന്നു. എന്റെ ദൈവവേലയുടെ തിരക്ക് കുറയ്ക്കാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ കൂടുതൽ സമയം ചിന്തിക്കാനും ജാമക്കാരൻ വായനക്കാർക്ക് നല്ല വേദവചനധ്യാനപഠിത്തങ്ങൾ നൽകാനും സാധിക്കും. കഴിഞ്ഞ വർഷവും ഈ വർഷ ആരംഭത്തിലും എന്നെ വല്ലാതെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന വിഷയം നമ്മുടെ സഭകൾ വഴിതെറ്റി പോകുന്നത് കണ്ട് സഭാനേതാക്കളോ ശുശ്രൂഷക്കാരോ **അവരെ വചനത്തിലേക്ക് തിരികെ കൊണ്ടുവരാൻ സാധിക്കാത്ത വിധത്തിൽ അവരുടെ ചിന്തകളെല്ലാം പണത്തിലും പദവിക്കൊതിയിലുമായി കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു.** സഭയ്ക്ക് നല്ലത് ചെയ്യണം. ആത്മീകത്തിലേക്ക് കൊണ്ടുവരണം എന്നാഗ്രഹിക്കുന്ന ബിഷപ്പുമാരും ശുശ്രൂഷകന്മാരും സഭയിലുള്ള ചില ധനികരായ മാന്യന്മാരുടെ നിർബന്ധങ്ങളിലും ബന്ധങ്ങളിലും അകപ്പെട്ട് ഒന്നും ചെയ്യാൻ സാധിക്കാത്ത സ്ഥിതിയിൽ മനോവിഷമത്തോടെ ആത്മീകമല്ലാത്ത അവർ പറയുന്നതുപോലെ ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്നു. ദക്ഷിണ ഇന്ത്യയിലുള്ള സി.എസ്.ഐ, ലൂഥറൻ, മാർത്തോമാ സഭകളുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കിയിട്ടാണ് ഇത് ഞാൻ എഴുതുന്നത്. ഇത് മനസ്സിലാക്കിയ സഭാജനങ്ങൾ സഭയിലും ഡയോസിസിലും നടക്കുന്ന തെറ്റായ കാര്യങ്ങളെയും അഴിമതികളെയും കണ്ടിട്ടു തടയാൻ സാധിക്കാതെ മൗനമായി നിൽക്കുന്നു.

ഇതിൽ ദൈവഭയമുള്ള സഭാജനങ്ങൾ ഓരോ സ്ഥലത്തിലും ഒരുമിച്ചുകൂടി കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. പ്രാർത്ഥനയിൽ ദൈവത്തോട് നിലവിളിക്കുന്നു. അവർ നിലവിളിക്കട്ടെ. ദൈവം പ്രവർത്തിക്കും.

ഈ ലേഖനത്തിന്റെ തലക്കെട്ടിൽ വായിച്ചതുപോലെ യിരെമ്യാവ് കരഞ്ഞു ദൈവത്തോട് അപേക്ഷിക്കുന്ന വചനത്തെ ഞാൻ ഓർക്കുന്നു. നമ്മുടെ സഭ എപ്പോഴാണ് ആത്മീകത്തിലേക്ക് മടങ്ങിവരുക? ദൈവം ഇനിയും എത്രകാലം ഈ അഴിമതികളെക്കണ്ട് മൗനമായിരിക്കും? ഇത് വായിക്കുന്ന നാമെല്ലാവരും ചേർന്ന് "കൂട്ടായ്മ പ്രാർത്ഥനയിൽ" മാത്രമല്ല, അവരവരുടെ "രഹസ്യപ്രാർത്ഥനകളിലും" ഓരോരോ ദിവസവും ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

"തെറ്റായി പ്രവർത്തിക്കുന്ന സഭാനേതാക്കൾക്കും, പട്ടക്കാർക്കും ഭാരവാഹികൾക്കും ദൈവത്തിന്റെ ശിക്ഷ അവരുടെ മേൽ വരുന്നില്ലല്ലോ എന്നും അവരെല്ലാവരും മുമ്പത്തേക്കാളും പണത്തിലും അഹംഭാവത്തിലും നിഗളിപ്പിലും വർദ്ധിച്ചുതന്നെ ഇരിക്കുന്നു. ഇതു കാണുന്ന ദൈവം എന്തിനാ മൗനമായിരിക്കുന്നത്?" എന്നിങ്ങനെ ചില ആത്മീക ശുശ്രൂഷകന്മാർ കാരണമില്ലാതെ പലവിധമായ ശിക്ഷയിൽ അകപ്പെട്ട് കരയുന്നത് പല സ്ഥലങ്ങളിലും ഞാൻ കണ്ടിട്ടുണ്ട്; തുടർന്നും അവരുടെ പ്രാർത്ഥന ഇപ്രകാരമാണ്:

"കർത്താവേ, നീ സഹിച്ചതു മതി. ഈ ജനങ്ങൾക്കെതിരായി എഴുന്നേൽക്കേണമേ. ദൈവത്തിന്റെ കോപം അവർ അറിയേണം, ഉണരേണമേ എന്നു ഞങ്ങൾ അപേക്ഷിക്കുന്നു." എന്നിങ്ങനെ തങ്ങളുടെ മനഃപ്രയാസത്തിൽ പ്രാർത്ഥിച്ചു എന്ന് എനിക്കെഴുതിയിരിക്കുന്നു.

"സഭയിലുള്ള ജനങ്ങളെ ആത്മീയത്തിൽ വളർത്താൻ നമ്മുടെ സഭയിലുള്ള ചുമതലക്കാരെക്കൊണ്ടു സാധിക്കുന്നില്ല. വേദവചനങ്ങൾ വായിച്ച് ജനങ്ങൾ ഞങ്ങൾക്ക്ത്തന്നെ ആത്മീകത്തിൽ വളർത്തേണ്ടിവരുന്നു. ഇതിന്റെ ഇടയിൽ, വിവിധ പെന്തകോസ്ത് സഭക്കാരും വീടുകളിൽ നടത്തുന്ന, പ്രവചനം പറയുന്നവരും, പ്രാർത്ഥനാഹാളിൽ വച്ചു നടക്കുന്ന തെറ്റായ ഉപദേശങ്ങൾ പറയുന്നവരും നമ്മുടെ സഭാജനങ്ങളെ തട്ടിക്കൊണ്ടുപോകുന്നു. അവിടുത്തെ ഗാനങ്ങളും സ്തുതി ആരാധന എന്ന പേരിൽ നടത്തുന്ന ആരാധനകളും വാദ്യഉപകരണങ്ങൾ കൊണ്ട് ജനങ്ങൾ ആകർഷിക്കപ്പെട്ട് വഞ്ചിക്കപ്പെടുന്നു. എത്രകാലം ദൈവം മൗനമായിരിക്കും? എന്റെ ഹൃദയത്തിന്റെ ഭാരങ്ങളെയും സഭയെക്കുറിച്ചുള്ള മനോവിഷമങ്ങളെയും എന്റെ വായനക്കാരോട് ഇതുവഴിയായി ഞാൻ പങ്കുവെയ്ക്കുന്നു.

**"യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിന് ഞങ്ങളെ നിങ്കലേക്കു മടക്കിവരുത്തേണമേ; ഞങ്ങൾക്കു പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ...." (വിലാപങ്ങൾ 5:21)**

ഡോ.പുഷ്പരാജ്

# ബൈബിളും വിഗ്രഹാരാധനയും

## 1. ആമുഖം

സ്രഷ്ടാവിനു നല്കേണ്ട ബഹുമാനം സൃഷ്ടിക്കു നല്കുകയും, പ്രകൃതിവസ്തുക്കളിൽ ദൈവശക്തി ആരോപിക്കുകയുമാണ് സാമാന്യാർത്ഥത്തിൽ വിഗ്രഹാരാധന. വിഗ്രഹാരാധനയുടെ രൂപഭേദങ്ങൾ പ്രായേണ താഴെപ്പറയുന്നവയാണ്:

(1) കല്ല്, നദി, മരം മുതലായ അചേതന വസ്തുക്കളെ ആരാധിക്കുക.

(2) മൃഗങ്ങളെ ആരാധിക്കുക.

(3) സൂര്യൻ, ചന്ദ്രൻ നക്ഷത്രം മുതലായ പ്രപഞ്ചശക്തികളെയും വായു, തീ മുതലായ പ്രകൃതിശക്തികളെയും ആരാധിക്കുക.

(4) വീരന്മാരെയും മൃതന്മാരെയും ആരാധിക്കുക.

(5) സത്യം, നീതി തുടങ്ങിയ അമൂർത്തധർമ്മങ്ങളെ പൂജിക്കുക. കാലാകാലങ്ങളിൽ മനുഷ്യർ സ്വീകരിച്ചതാണ് വിഗ്രഹാരാധനരീതികൾ.

## 2. വിഗ്രഹാരാധനയെക്കുറിച്ച് ബൈബിൾ

(1) 1 ശമു 15:3–ൽ വിഗ്രഹാരാധന എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് തെറാഫീം (പ്രതിമകൾ) എന്ന എബ്രായപദത്തെയാണ്. വിഗ്രഹാർത്ഥദ്യോതകങ്ങളായ പദങ്ങൾ എബ്രായയിൽ വേണ്ടുവോളമുണ്ട്. ഭക്തന്മാരിൽ വിഗ്രഹാരാധന ഉളവാക്കുന്ന വികാരങ്ങളെ (വെറുപ്പ്, ഭയം, നിന്ദ മുതലായവ) പ്രകടിപ്പിക്കുന്നവയാണവ.

(2) മിഥ്യാമൂർത്തി (യെശ 66:3) യെ കുറിക്കുന്ന ആവെൻ എന്ന എബ്രായപദത്തിന് ശൂന്യത, മിഥ്യ എന്നീ അർത്ഥങ്ങളാണുള്ളത്.

(3) എലീൽ (വിഗ്രഹം: ലേവ്യ 19:4, 26:1, 1 ദിന 16:26) എന്ന പദത്തിന് ശൂന്യം അഥവാ ശൂന്യവസ്തു എന്നർത്ഥം.

(4) മ്ലേച്ഛ വിഗ്രഹത്തെക്കുറിക്കുന്ന മഫ്ലെെറ്റ്സെത്–ന് (1 രാജാ 15:13, 2 ദിന 15:16) അറപ്പും ഭയവും ഉളവാക്കുന്ന വസ്തു എന്നർത്ഥം.

(5) അറ്റ്സാബ്–ന് (1 ശമു 31:9, 1 ദിന 10:9) ദുഃഖകാരണം എന്നർത്ഥം. സെമെൽ (പ്രതിമ 2 ദിന 33:7,15) സദൃശ്യവാചിയാണ്.

## 3. വിഗ്രഹാരാധന പാടില്ല – എന്തുകൊണ്ട് ?

**(1) വിഗ്രഹാരാധന അന്ധവിശ്വാസജഡിലാണ് :**

മലകളും ഉയർന്ന കുന്നുകളും ബലിപീഠങ്ങളായും വിഗ്രഹങ്ങൾക്ക് ധൂപം കാട്ടുവാനുള്ള സ്ഥലങ്ങളായും തിരഞ്ഞെടുത്തിരുന്നു: 1 രാജാ 11:7, 14:23. തോട്ടങ്ങളും പച്ചവൃക്ഷത്തണലുകളും വിഗ്രഹാരാധകരെ വശീകരിച്ചു: 2 രാജാ 16:4, യെശ 1:29, ഹോശ 4:13. ആകാശസൈന്യത്തെ ആരാധിക്കുന്നത് മാളികയുടെ മേല്പുരയിൽ നിന്നുകൊണ്ടാണ്. 2 രാജാ 23:12, യിരെ 19:13, 32:29, സെഫ 1:5. വ്യാജാരാധനയുടെ പുരോഹിതന്മാർ കെമാറീം അഥവാ പൂജാഗിരി പുരോ

ഹിതന്മാർ എന്നറിയപ്പെട്ടു. പൂജാഗിരികളിൽ ധൂപം കാട്ടുന്ന ലേവ്യരല്ലാത്ത പുരോഹിത ന്മാർക്കും (2 രാജാ 23:5) കാളക്കുട്ടികളെ പൂജിക്കുന്ന പുരോഹിതന്മാർക്കും (ഹോശ 10:5) ഈ പേർ പറയാറുണ്ട്.

പുരോഹിതന്മാരെ കൂടാതെ **വിഗ്രഹപൂജയുമായി ബന്ധപ്പെട്ട മറ്റു വ്യക്തികളും ഉണ്ട്. സ്ത്രീകളും പുരുഷന്മാരും വിഗ്രഹശുശ്രൂഷയ്ക്കായി അർപ്പിക്കപ്പെട്ടിരുന്നു.** ഫിനീഷ്യ, അർമേനിയ, ലുദിയ, ബാബിലോണിയ എന്നിവിടങ്ങളിൽ ഇങ്ങനെയുള്ള ക്ഷേത്രങ്ങളിൽ വിഗ്ര ഹപൂജയ്ക്കായി അർപ്പിക്കപ്പെട്ട ദേവദാസികൾ ഉണ്ടായിരുന്നു. പരസ്യവേശ്യകളിൽ നിന്നും ഇവർ വേർതിരിക്കപ്പെട്ടിരുന്നു. ഹോശ 4:14. വിശുദ്ധകർമ്മാനുഷ്ഠാനങ്ങളുടെ പ്രവർത്തനവു മായി ബന്ധപ്പെട്ടവരായിരുന്നു അവർ. വിഗ്രഹദേവന്മാർക്ക് ഹോമയാഗം നടത്തുക (2 രാജാ 5:17), ധൂപം കാട്ടുക (1 രാജാ 11:8), അവരുടെ പ്രതിമകൾക്കു മുന്നിൽ ആരാധനാമനോഭാവ ത്തോടെ പ്രണമിക്കുക (1 രാജാ 19:18) എന്നിവ അവരുടെ അനുഷ്ഠാനത്തിന്റെ മുഖ്യഭാഗങ്ങ ളായിരുന്നു.

**(2) പഴയനിയമം വിലക്കുന്നു :** യഹോവയെ മാത്രമേ ദൈവമായി സ്വീകരിക്കുക യുള്ളൂ എന്നും അവനെ വിശ്വസ്തതയോടെ സേവിക്കുമെന്നും യിസ്രായേൽമക്കൾ യഹോവ യുമായി ഉടമ്പടി ചെയ്തു. പുറ 19:3-8. അതിനാൽ

(1) വിഗ്രഹാരാധന കുറ്റകരവും (1 ശമു 15:23)
(2) ഉടമ്പടിയുടെ ലംഘനവുമാണ്. ആവ 17:2-3.
(3) യഹോവയ്ക്ക് അത് അനിഷ്ടമാണ്. 1 രാജ 21:25.
(4) അകൃത്യഹേതു (യെഹ 14:3),
(5) വ്യാജമൂർത്തികൾ (ആമോ 2:4, റോമ 1:25),
(6) മ്ലേച്ഛതകൾ (ആവ 29:17, 32:16, 1 രാജാ 11:5, 2 രാജാ 23:13)
(7) അകൃത്യം (ആമോ 8:14, 2 ദിന 29:8),
(8) ലജ്ജാവിഗ്രഹം (യിരെ 11:13),
(9) ലജ്ജാബിംബം (ഹോശ 9:10),
(10) അന്യദൈവങ്ങൾ (ആവ 32:16),
(11) നൂതനദേവന്മാർ (ന്യായാ 5:8),
(12) ദുർഭൂതങ്ങൾ (ആവ 32:17)

എന്നിങ്ങനെയാണ് അന്യദൈവങ്ങളെയും വിഗ്രങ്ങളെയും വിളിക്കുന്നത്.

വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട പല ആചാരങ്ങളെയും ന്യായപ്രമാണം നിരോധി ച്ചിട്ടുണ്ട്.

1) വയലിൽ കൂട്ടുവിത്തു വിതയ്ക്കുവാൻ പാടില്ല.

2) രണ്ടുവക വസ്തുക്കൾ കലർന്ന വസ്ത്രം ധരിക്കരുത് എന്നീ നിരോധനങ്ങൾക്കു കാരണം (ലേവ്യ 19:19) ചില വിഗ്രഹാരാധികൾ ഈ കലർപ്പിൽ മാന്ത്രികശക്തി ദർശിക്കുന്ന താണെന്ന് റബ്ബിമാർ പറയുന്നു. സ്ത്രീപുരുഷന്മാർ വസ്ത്രം പരസ്പരം മാറി ധരിക്കുവാൻ പാടില്ല. (ലേവ്യ 19:28, ആവ 14:1, 1 രാജാ 18:28).

3) മുൻകഷണ്ടിയുണ്ടാക്കുവാൻ പാടില്ല (ആവ 14:1) എന്നീ കല്പനകൾക്കും അടിസ്ഥാനം പ്രസ്തുത കർമ്മങ്ങൾ വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടതു തന്നെയാണ്.

## (3) പുതിയനിയമം - ഖണ്ഡിക്കുന്നു :

വിഗ്രഹാരാധനയെക്കുറിച്ചുള്ള പരാമർശങ്ങൾ പുതിയനിയമത്തിലും ഉണ്ട്. മക്കാബ്യ യുദ്ധങ്ങളോടു കൂടി യെഹൂദന്മാർ വിഗ്രഹാരാധനയിൽ നിന്നും പിന്തിരിഞ്ഞു. യഹോവയെ അല്ലാതെ വിഗ്രഹങ്ങളെയോ അന്യദേവന്മാരെയോ ആരാധിക്കുവാൻ അവർ വശീകരിക്കപ്പെട്ടി ല്ല. ക്രിസ്തു വിഗ്രഹാരാധനയ്ക്കു പുതിയമാനം നല്കി.

1) സമ്പത്തിന് ജീവിതത്തിൽ പ്രധാനസ്ഥാനം കൊടുക്കുന്നത് വിഗ്രഹാരാധനയാണെന്ന് (മത്താ 6:24) യേശു പഠിപ്പിച്ചു.

2) മനഃപൂർവ്വമായ വിശ്വാസത്യാഗമാണ് വിഗ്രഹാരാധയെന്ന് പൗലൊസ് വ്യക്തമാക്കി. റോമ 1:18–25.

3) അപ്പോസ്തലിക കാലത്ത് ജാതികളിൽ നിന്ന് ക്രിസ്ത്യാനികളായവരോട് വിഗ്രങ്ങളെ വിട്ടൊഴിയുവാൻ അപ്പൊസ്തലന്മാർ പ്രത്യേകം ഉപദേശിച്ചു. 1 കൊരി 5:10, ഗലാ 5:20.

4) ഹൃദയത്തിൽ ദൈവത്തിനുള്ള സ്ഥാനം കൈയടക്കുന്ന എന്തും വിഗ്രഹാരാധനയാണ്. എഫെ 5:5, കൊലൊ 3:5.

## 4. ബൈബിളിൽ പറയുന്ന മിഥ്യാമൂർത്തികളും, വിഗ്രഹങ്ങളും

അന്യദേവന്മാരെ പൂജിക്കുന്നത് വിഗ്രഹാരാധനയും ഭൂതാരാധനയുമാണ്. അന്യദേവന്മാരെ ആരാധിക്കരുതെന്ന് ന്യായപ്രമാണത്തിൽ പ്രത്യേകം കല്പന നൽകിയിരുന്നു. "ഞാൻ നിങ്ങ ളോടു കല്പിച്ച എല്ലാറ്റിലും സൂക്ഷ്മതയോടിരിപ്പിൻ; അന്യദൈവങ്ങളുടെ നാമം കീർത്തിക്ക രുത്; അതു നിന്റെ വായിൽ നിന്നു കേൾക്കുകയും അരുത്." പുറ 23:13. ദാവീദ് പറയുകയാണ്. "അന്യദേവനെ കൈക്കൊള്ളുന്നവരുടെ വേദനകൾ വർദ്ധിക്കും; അവരുടെ രക്തപാനീയബലി കളെ ഞാൻ അർപ്പിക്കയില്ല; അവരുടെ നാമങ്ങളെ എന്റെ നാവിന്മേൽ എടുക്കുകയില്ല:" സങ്കീ 16:4. സത്യദൈവത്തെ ഉപേക്ഷിച്ച് അന്യദേവന്മാരെ സ്വീകരിക്കുന്നവരുടെ വേദനകൾ വർദ്ധിക്കും. കനാന്യരിൽനിന്നാണ് അധികം അന്യദേവന്മാരും യിസ്രായേൽമക്കളുടെ ഇടയിൽ പ്രവേശിച്ചത്. വിജാതീയർ യാഗമൃഗത്തിന്റെ രക്തത്തോടുകൂടെ വീഞ്ഞോ വെള്ളമോ കലർത്തി ദേവന്മാർക്കർപ്പിക്കുന്ന പതിവുണ്ടായിരുന്നു. ഇതിനെ രക്തപാനീയബലിയെന്നു വിളിക്കും. പൂജ കൻ ഈ പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യും. രക്തത്തോടുകൂടിയുള്ള ഭക്ഷണപാ നീയങ്ങൾ യിസ്രായേലിന് വിലക്കപ്പെട്ടിരുന്നു. ഉല്പ 9:4; ലേവ്യ 3:17; 7:26; 17:10. ബൈബിളിൽ അനേകം അന്യദേവന്മാരുടെ പേരുകൾ പറയപ്പെട്ടിട്ടുണ്ട്. ഇവയിൽ പലതും യിസ്രായേൽ ഭജി ച്ചവയാണ്. അന്യദേവന്മാരുടെ വിവരണം അക്ഷരമാലാക്രമത്തിൽ പിൻചേർക്കുന്നു.

**(1) അദ്രമേലെക് :** (അദാർരാജാവാണ്) Adrammelech ഉത്തരപശ്ചിമ മെസൊപ്പൊട്ടേ മിയയിൽ അദാദ് മിൽക്ക് (Adad-Milki) എന്ന പേരിൽ പൂജിക്കപ്പെട്ടുവന്ന ദേവൻ. അരാമ്യദേ വനായ ഹദദിന്റെ മറ്റൊരു രൂപമാണിത്. ബി.സി. 722–നുശേഷം അശ്ശൂര്യർ സെഫർവ്വയീമിൽ നിന്നും കൊണ്ടുവന്ന് ശമര്യയിൽ കുടിപാർപ്പിച്ചവർ അദ്രമേലെക്കിനെ ആരാധിച്ചു. അവർ അദ്ര മേലെക്കിന് മക്കളെ അഗ്നിപ്രവേശം ചെയ്യിച്ചു: 2 രാജാ 17:31.

**(2) അനമേലെക്ക് :** (അനു രാജാവാണ്) Anammelech. ബി.സി. 722–നു ശേഷം അശ്ശൂര്യർ സെർവ്വയീമിൽ നിന്നും കൊണ്ടുവന്ന് ശമര്യയിൽ കുടിപാർപ്പിച്ചവർ പൂജിച്ചുവന്ന ഒരു ദേവൻ: 2 രാജാ 17:31. ബാബിലോന്യരുടെ ആകാശദേവനാണ് അനു (Anu). ഈ ദേവനും ആളുകൾ മക്കളെ അഗ്നിപ്രവേശം ചെയ്യിച്ചു.

**(3) അർത്തെമിസ് :** Diana. അർത്തെമിസ് ദേവി ഗ്രീക്കുകാരുടെ ഇടയിൽ ഡയാനയെന്നും റോമാക്കാരുടെ ഇടയിൽ അർത്തെമിസ് എന്നും അറിയപ്പെട്ടിരുന്നു. പുരാണകഥയനുസരിച്ച് സ്യൂയസ് ദേവന്റെ മകളാണ്. അമ്പും വില്ലും ധരിച്ച് കലമാനിനെ പിന്തുടരുന്ന രൂപത്തിലാണ് ചിത്രണം ചെയ്തിട്ടുള്ളത്. ബാധകളെ അയയ്ക്കുകയും മനുഷ്യരെ സംഹരിക്കുകയും ചെയ്യുമെന്ന് ആരാധകർ വിശ്വസിച്ചുവന്നു. അപ്പോളോ പകലിന്റെ പ്രകാശദേവതയായിരിക്കുന്നതുപോലെ രാത്രിയുടെ പ്രകാശദേവതയാണ് അർത്തെമിസ്. തന്മൂലം ചന്ദ്രദേവിയായി കരുതപ്പെടുന്നു. അർത്തെമിസ് ദേവി യൗവ്വനക്കാരുടെ പ്രത്യേകിച്ചും കന്യകമാരുടെ സംരക്ഷകയാണ്. വിവാഹത്തിനു മുമ്പ് കന്യകമാർ ഒരു മുടിക്കെട്ടും അരഞ്ഞാണും കന്യാവസ്ത്രവും അർത്തെമിസിനു സമർപ്പിക്കുക പതിവായിരുന്നു.

എഫെസൊസിൽ **ആരാധിച്ചുവന്ന അർത്തെമിസ്ദേവി ഒരു പൗരസ്ത്യദേവതയാണ്. ഈ ദേവതയെ ആരാധിക്കുന്നതിന് ഷണ്ഡന്മാരെ നിയമിച്ചിരുന്നു.** അർത്തെമിസ് ദേവിയെ അമ്മയായും പോറ്റമ്മയായും ആണ് അവർ കരുതിയിരുന്നത്. എഫെസൊസിലെ അർത്തെമിസ് ദേവിയുടെ ക്ഷേത്രം ലോകത്തിലെ സപ്താത്ഭുതങ്ങളിൽ ഒന്നായിരുന്നു. ഈ ക്ഷേത്രത്തിലെ വിഗ്രഹം ദ്യോവിൽ (ആകാശം) നിന്ന് വീണുകിട്ടിയതാണെന്ന് (അപ്പൊ.19:35) അവിടത്തുകാർ വിശ്വസിച്ചിരുന്നു. തട്ടാന്മാരുടെ ആദായകരായ തൊഴിലായിരുന്നു അർത്തെമിസ്ദേവിയുടെ ക്ഷേത്രബിംബങ്ങളെ നിർമ്മിച്ചു വില്ക്കുക. പൗലൊസിൽ നിന്നും സുവിശേഷം കേട്ട അനേകർ ഈ തൊഴിൽ ഉപേക്ഷിച്ചു. അതിനാലാണ് ദെമേത്രിയൊസ് എന്ന തട്ടാൻ ജനത്തെ ഇളക്കിവിട്ടു കലഹം ഉണ്ടാക്കിയത്: അപ്പൊ 19:23–41.

**(4) അശീമ :** Ashima. എ. അഷിമാ. ഹമാത്തുകാരുടെ ദേവൻ. ബി.സി. 722–നു ശേഷം അശ്ശൂർ രാജാവായ ശല്മനേസർ ശമര്യയിൽ കുടിയിരുത്തിയ ഹമാത്തുകാർ അശീമയെ ആരാധിച്ചു: 2 രാജാ 17:30.

**(5) അശേരാ :** Asherah. അശേരാ എന്ന എബ്രായപ്രയോഗം പഴയനിയമത്തിൽ 40 സ്ഥാനങ്ങളിലുണ്ട്. നാലിടങ്ങളിലൊഴികെ സെപ്റ്റ്വജിന്റ് തോപ്പ് (groves) എന്നു പരിഭാഷപ്പെടുത്തി. ഉത്തരസിറിയയിലെ ഉഗാറിത്തിയിൽ നിന്നു കണ്ടെടുത്ത റാസ്ഷമ്റാ ഗ്രന്ഥങ്ങളിൽ അഷേറത്ത് എന്ന പേരിൽ അശേരാ പറയപ്പെട്ടിരിക്കുന്നു. ഏൽ ദേവന്റെ കാന്തയായും സാഗരകന്യകയായും അറിയപ്പെടുന്നു. ബി.സി. 15–ാം നൂറ്റാണ്ടിൽ സോരി (Tyre) ലെ പ്രധാന ദേവിയായിരുന്നു. ആഹാബിന്റെ ഭാര്യയായ ഇസബേൽ അശേരാപൂജ യിസ്രായേലിൽ ഏർപ്പെടുത്തി. 400 അശേരാ പ്രവാചകന്മാരെ ഈ രാജ്ഞി സംരക്ഷിച്ചുവന്നു. ഏലീയാവ് അവരെ കൊന്നു. 1 രാജാ 18:40.

അശേരാ പഴയനിയമത്തിൽ ബാലിനോടൊപ്പം ഒരു ദേവിയായി പ്രത്യക്ഷപ്പെടുന്നു: ന്യായാ3:7. **ബൈബിളിലെ അധിക പരാമർശങ്ങളും അശേരാപ്രതിഷ്ഠയെക്കുറിച്ചുള്ളതാണ്.**

അശേരയുടെ മറ്റുപേരുകളാണ് അസ്തോരെത്ത്, അനാത് എന്നിവ. **ഒരു കൈയ്യിൽ ലില്ലിപ്പൂവും മറുകയ്യിൽ സർപ്പവുമേന്തി സിംഹത്തിന്മേൽ സവാരിചെയ്യുന്ന നഗ്നസ്ത്രീയായി ചിത്രീകരിക്കപ്പെട്ടിരുന്നു.** അശേരാതല തിരിഞ്ഞ ധാർമ്മികാർത്ഥത്തിൽ വിശുദ്ധ (കുദ്ഷു) എന്നു വിളിക്കപ്പെടുന്നു. ഈ വിശുദ്ധയ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ട പുരുഷമൈഥുനക്കാരാണ് കെദ്ഷീം: ആവ 23:18; 1 രാജാ 14:24; 15:12; 22:46. യിസ്രായേലിൽ ഇവൾ മാലിന്യത്തിനു കാരണമായിത്തീർന്നു. കാമവും കുരുതിയും കനാന്യമതത്തിന്റെ പ്രത്യേകതകളാണ്. ബാൽപുരാണശകലത്തിൽ അനാത് നാശത്തിന്റെ അട്ടഹാസവുമായി പ്രത്യക്ഷപ്പെടുന്നു. ഏതോ കാരണത്താൽ അവൾ യുവാക്കളും വൃദ്ധരുമായി മനുഷ്യവർഗ്ഗത്തെ മുഴുവൻ കുരുതി കഴിച്ച് മനുഷ്യരക്തത്തിൽ കഴുത്തോളം മുങ്ങി മുന്നോട്ടു നീങ്ങി. ബാബിലോന്യദേവന്മാരുടെ പട്ടികകളിൽ അഷ്റാത്തും എന്ന ഒരു ദേവതയെ കാണാം. ദക്ഷിണ അറേബ്യയിൽ ചന്ദ്രദേവന്റെ ഭാര്യയായി അതിറാത്ത് പൂജിക്കപ്പെട്ടുവന്നു. ഏലിയാവിന്റെ കാലത്ത് ഇസബേലിന്റെ മേശയിങ്കൽ ഭക്ഷിച്ചുവന്ന 400 അശേരാപ്രവാചകന്മാർ ഉണ്ടായിരുന്നു: 1 രാജാ 18:19. യെരുശലേം ദൈവായത്തിൽ മനശ്ശെരാജാവ് അശേരയെ പ്രതിഷ്ഠിച്ചു: 2 രാജാ 21:7. അദ്ദേഹത്തിന്റെ കാലത്ത് ദേശമെങ്ങും അനേകം പൂജാസ്ഥാനങ്ങൾ അശേരയ്ക്കുണ്ടായിരുന്നു. യോശീയാവിന്റെ കാലത്തുണ്ടായ നവോത്ഥാനത്തിൽ അശേരാപൂജ നാമാവശേഷമായി.

അശേരാദേവിയുടെ പൂജ ബാൽവിഗ്രഹങ്ങളോടു ചേർത്താണ് പറയപ്പെടുക. ഗിദെയോൻ ബാലിന്റെ ബലിപീഠം ഇടിച്ചുകളയുകയും ഒപ്പം അശേരാപ്രതിഷ്ഠ വെട്ടിക്കളയുകയും ചെയ്തു: ന്യാ 6:25. ആസാരാജാവിന്റെ അമ്മയായ മയഖാ അശേരയ്ക്ക് ഒരു മ്ലേച്ഛവിഗ്രഹം ഉണ്ടാക്കിയതുകൊണ്ട് അവളെ രാജ്ഞിസ്ഥാനത്തു നിന്നും നീക്കിക്കളഞ്ഞു: 1 രാജാ 15:13. നിന്റെ ദൈവമായ യഹോവെക്കു നീ പണിയുന്ന യാഗപീഠത്തിന്നരികെ യാതൊരു അശേരാപ്രതിഷ്ഠയും പ്രതിഷ്ഠിക്കരുതെന്ന് (ആവർ 16:21) യഹോവ യിസ്രായേൽ ജനത്തോടു കല്പിച്ചു. യിസ്രായേലിൽ മതനവീകരണത്തിനു ശ്രമിച്ച എല്ലാ രാജാക്കന്മാരും അശേരാപ്രതിഷ്ഠകൾ നശിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു: 1 രാജ 16:33; യെശ 17:7.

**(6) അശ്വിനി :** Castor and pollux. ഗ്രീക്കുപുരാണത്തിൽ സൂയസ്ദേവന്റെ പുത്രന്മാരാണ് കാസ്റ്ററും പൊള്ളക്സും. മിഥുനം രാശിയിലെ (Gemini Constellation) ഏറ്റവും പ്രകാശം കൂടിയ രണ്ടു നക്ഷത്രങ്ങളാണ് അശ്വിനികൾ. കടൽയാത്രക്കാരുടെ കാവൽദേവന്മാരാണിവർ. കടലിൽ ആപത്തു സംഭവിക്കുമ്പോൾ അശ്വിനിദേവകൾ സഹായിക്കുമെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. മാൽത്തദ്വീപിൽ നിന്നും ബദ്ധനായ പൗലൊസ് സഞ്ചരിച്ച കപ്പലിന്റെ ചിഹ്നം അശ്വിനി ആയിരുന്നു: അപ്പൊ 28:11. അശ്വതി നക്ഷത്രത്തിന്റെ ദേവതാസ്ഥാനം വഹിക്കുന്നവരാണ് അശ്വനീദേവന്മാർ. ഇവർ ഇരട്ടകളും അതിസുന്ദരന്മാരും ദേവലോകഭിഷഗ്വരന്മാരുമാണ്. ഇരുപത്തേഴു നക്ഷത്രങ്ങളിൽ ആദ്യത്തേതാണ് അശ്വതി. മൂന്നു നക്ഷത്രങ്ങളുടെ യോഗം കൊണ്ട് അശ്വമുഖം പോലെ ആകാശത്തിൽ കാണപ്പെടുന്നു.

**(7) അസ്തോരെത്ത് :** Ashtoreth. കനാന്യർ, സീദോന്യർ, മോവാബ്യർ, അശ്ശൂര്യർ തുടങ്ങിയവർ പൂജിച്ചിരുന്ന ഒരു സന്താനദേവത. ശുക്രഗ്രഹവുമായി ഇതിനെ ബന്ധിപ്പിക്കുന്നുണ്ട്. ലജ്ജയെക്കുറിക്കുന്ന എബ്രായപദമായ ബോഷെത്തിന്റെ സ്വരങ്ങൾ മനഃപൂർവ്വം ചേർത്താണ് അസ്തോരെത്ത് എന്ന പേരിന് എബ്രായർ സ്വരീകരണം നല്കിയത്. സുമേര്യരുടെ മാതൃദേവ

തയായ 'ഇനാന്ന' യുമായും ബാബിലോണിലെ ഇഷ്ടാർ, പാലസ്തീനിലെ അശേരാ എന്നീ ദേവതകളുമായും പല സാമ്യങ്ങളും അസ്തോരെത്തിനുണ്ട്. അസ്തോരെത്ത് പൂജയോടനുബന്ധിച്ച് അനേകം മ്ലേച്ഛാചാരങ്ങൾ നിലവിലിരുന്നു. ഒരുവക കാമപൂജയായിരുന്നു അത്. കനാനിലെത്തിയ യിസ്രായേൽ മക്കൾ യഹോവയെ ഉപേക്ഷിച്ച് ബാലിനെയും, അസ്തോരെത്ത് പ്രതിഷ്ഠകളെയും സേവിച്ചു: ന്യായാ 2:13, 10:6. ശമുവേൽ പ്രവാചകന്റെ കാലത്ത് അസ്തോരെത്ത് പൂജ വളരെയധികം വ്യാപിച്ചു കഴിഞ്ഞു. 1 ശമു 7:3,4; 12:10. കൊല്ലപ്പെട്ട ശൗലിന്റെ ആയുധവർഗ്ഗം ഫെലിസ്ത്യർ എടുത്ത് അസ്തോരെത്തിന്റെ ക്ഷേത്രത്തിൽ സൂക്ഷിച്ചു: 1 ശമു 3:10, 1 ദിന 10:10. ശലോമോൻ സീദോന്യദേവിയായ അസ്തോരെത്തിനെ ചെന്നുസേവിച്ചു. 1 രാജാ 11:5. യെരുശലേമിന്നെതിരെ നാശപർവ്വതത്തിന്റെ വലത്തുഭാഗത്ത് ശലോമോൻ അസ്തോരെത്തിനു പൂജാഗിരി പണിതു: 2 രാജാ 23:13. യോശീയാ രാജാവ് ഈ പൂജാഗിരിയെ നശിപ്പിച്ചു.

**(8) ഇന്ദ്രൻ :** Jupiter. ഗ്രീസിലെ സൂയസ് (Zeus) ദേവനെയാണ് മലയാളത്തിൽ ഇന്ദ്രൻ എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഗ്രീക്കുകാരുടെ പരമദേവനാണ് സൂയസ്. ആകാശദേവനായ സൂയസിന്റെ നിയന്ത്രണത്തിലാണ് കാറ്റ്, മേഘം, മഴ, ഇടി തുടങ്ങിയ പ്രകൃതിശക്തികൾ. അന്ത്യോക്കസ് നാലാമൻ യെഹൂദാമതത്തെ ഉന്മൂലം ചെയ്യാനുള്ള ശ്രമത്തിൽ യെരുശലേം ദൈവാലയത്തെ അശുദ്ധമാക്കി ഒളിമ്പസ്സിലെ സൂയസ് ദേവനെ പ്രതിഷ്ഠിക്കുവാൻ നിർദ്ദേശം നല്കി. ലുസ്ത്രയിലെ ഒരു മുടന്തനെ പൗലൊസ് സൗഖ്യമാക്കി. ഇതു കണ്ടിട്ട് ജനം ബർന്നബാസിനെ ഇന്ദ്രൻ എന്നും പൗലൊസിനെ മുഖ്യപ്രസംഗിയാകയാൽ ബുധൻ എന്നും പേർവിളിച്ചു. അപ്പോ. 14:8–13. പട്ടണത്തിന്റെ മുമ്പിലുള്ള ഇന്ദ്രക്ഷേത്രത്തിലെ പുരോഹിതൻ ഇന്ദ്രനു യാഗം കഴിക്കുന്നതുപോലെ യാഗം കഴിക്കുന്നതിന് കാളകളും പൂമാലകളും കൊണ്ട് അപ്പൊസ്തലന്മാരുടെ അടുക്കൽ വന്നു.

**(9) കാളക്കുട്ടി പൂജ :** Calf worship. മോശ പർവ്വതത്തിൽ നിന്ന് ഇറങ്ങി വരുവാൻ താമസിക്കുന്നു എന്നറിഞ്ഞ് ജനം അഹരോന്റെ അടുക്കൽചെന്ന് തങ്ങളുടെ മുമ്പിൽ നടക്കുന്നതിന് ഒരു ദൈവത്തെ ഉണ്ടാക്കിക്കൊടുക്കുവാൻ ആവശ്യപ്പെട്ടു. അഹരോന്റെ നിർദ്ദേശമനുസരിച്ച് അവരുടെ കാതിലെ പൊൻകുണുക്കുകൾ കൊണ്ടുവന്ന് ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. പുറ:32:16; ആവ 9:16; നെഹെ 9:18; സങ്കീ 106:19,20. മിസ്രയീമിൽ വന്നു തങ്ങളെ വീണ്ടെടുത്തു കൊണ്ടുവന്ന യഹോവയുടെ പ്രതിരൂപമായിട്ടാണ് ഈ വിഗ്രഹത്തെ യിസ്രായേല്യർ കണക്കാക്കിയത്. പൗരസ്ത്യദേശങ്ങളിൽ അക്കാലത്ത് കാള പരക്കെ പൂജിക്കപ്പെട്ടിരുന്നു. അശ്ശൂര്യരുടെ ഇടയിൽ ചിറകുള്ള കാള സർവ്വസാധാരണമായിരുന്നു. കാള പൗരുഷത്തിന്റെയും വീര്യത്തിന്റെയും പ്രതീകമാണ്.

രാജ്യം വിഭജിക്കപ്പെട്ടശേഷം യിസ്രായേൽരാജാവായ യൊരോബെയാം രണ്ടു സ്വർണ്ണക്കാളക്കുട്ടികളെ ഒന്നിനെ തെക്കേഅറ്റത്തുള്ള ബെഥേലിലും മറ്റേതിനെ വടക്കുള്ള ദാനിലുമായി പ്രതിഷ്ഠിച്ചു. 1 രാജാ 12:29; 2 രാജാ 17:16; 2 ദിന 11:14,15. കനാന്യകാളപ്രതിഷ്ഠകളെ യഹോവയുടെ ആരാധനയോടു പൊരുത്തപ്പെടുത്തുകയായിരുന്നു ഇതിന്റെ ലക്ഷ്യം. യഹോവ കാളക്കുട്ടിയുടെ മേൽ അദൃശ്യമായി ആരൂഢനായിരിക്കുകയാണെന്നവർ കരുതി. യെരോബെയാം ഏർപ്പെടുത്തിയ ഈ വിമതാരാധന അപകടമായിത്തീർന്നു. യിസ്രായേൽ വിഗ്രഹാരാധനയുടെ

വിളനിലമായി മാറി. ഈ വിഗ്രഹാരാധന പില്ക്കാലത്ത് നെബാത്തിന്റെ മകനായ യെരോബെയാമിന്റെ പാപം എന്ന അപരനാമത്തിൽ അറിയപ്പെട്ടു. കാളക്കുട്ടി ആരാധനയെ ഹോശേയാപ്രവാചകൻ ശക്തമായ ഭാഷയിൽ അപലിപിച്ചിട്ടുണ്ട്.

**(10) കീയൂൻ :** Chiun. എ.കിയ്യൂൻ. നക്ഷത്രദേവനാണ് കീയൂൻ: ആമോ 5:26. ശനിയുടെ അശ്ശൂര്യൻ നാമമാണ് കൈവാൻ. മസ്സൊറെറ്റിക് പാഠത്തിൽ വെറുപ്പിനെ കാണിക്കുന്ന ഷിക്കുറ്റ്സ് എന്ന പദത്തിന്റെ സ്വരങ്ങളെ മനഃപൂർവ്വം ചേർത്താണ് കൈവാനെ കീയുനാക്കിയത്. സെപ്റ്റ്വജിന്റിൽ രേഫാൻദേവന്റെ നക്ഷത്രം എന്നു കാണുന്നു. സന്നദ്രീംസംഘത്തിനു മുമ്പിൽ സ്തെഫാനൊസ് ആമോ.5:26 ഉദ്ധരിച്ചത് സെപ്റ്റ്വജിന്റിൽ നിന്നായിരുന്നു. "നിങ്ങൾക്കു ഉണ്ടാക്കിയ വിഗ്രഹങ്ങളായി നിങ്ങളുടെ നക്ഷത്രദേവനായ കീയൂനെയും നിങ്ങളുടെ രാജാവായ സിക്കൂത്തിനെയും നിങ്ങൾ ചുമന്നുകൊണ്ടു പോകേണ്ടിവരും." ആമോ 5:26.

**(11) കെമോശ് :** Chemosh. മോവാബ്യരുടെ ദേശീയദേവൻ. കെമോശിന് കുഞ്ഞുങ്ങളെ അഗ്നിപ്രവേശനം ചെയ്യിപ്പിച്ചിരുന്നു. 2 രാജാ 3:26,27. യിസ്രായേൽ മോവാബിനെ കീഴടക്കുവാൻ കാരണം കെമോശിന്റെ ക്രോധമാണെന്നു മോവാബ്യശിലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശലോമോൻ രാജാവ് യെരുശലേമിനു എതിരെയുള്ള മലയിൽ കെമോശിനു പൂജാഗിരി പണിതു. 1 രാജാ 11:7. മൂന്നു നൂറ്റാണ്ടുകൾക്കുശേഷം യോശിയാരാജാവ് അതിനെ നശിപ്പിച്ചു. 2 രാജാ 23:13.

**(12) ഗദ് ദേവൻ :** Gad, troop (KJV). കനാനിലെ ഒരു സൗഭാഗ്യദേവത. വ്യാഴഗ്രഹത്തെ ദേവനാക്കിയതാണെന്ന് കരുതപ്പെടുന്നു. യെശ 65:11.

**(13) തമ്മൂസ് :** Thammus. യെരുശലേം ദൈവാലയത്തിന്റെ വടക്കേവാതിലിൽ സ്ത്രീകൾ തമ്മൂസിനു വേണ്ടി കരഞ്ഞു കൊണ്ടിരിക്കുന്നത് യെഹസ്കേൽ പ്രവാചകൻ 8:14 കണ്ടു. ഇഷ്ടാർ ദേവിയുടെ കാമുകനാണ് തമ്മൂസ്. ആണ്ടുതോറും ബാബിലോന്യർ തമ്മൂസിന്റെ മരണത്തിൽ കരയുമായിരുന്നു. തമ്മൂസ് പൂജയുടെ ഈ അനുഷ്ഠാനം വിശ്വാസത്യാഗിനികളായ എബ്രായ സ്ത്രീകൾ അനുവർത്തച്ചു. തമ്മൂസിന്റെ യഥാർത്ഥനാമം അഡോണിസ് ആണെന്നു കരുതപ്പെടുന്നു. ഈജിപ്റ്റിലെ ഒസിരിസ്, ഫ്രൂഗ്യയിലെ ആറ്റിസ് എന്നങ്ങനെ ആണ്ടുതോറും മരിക്കയും ജീവൻ പ്രാപിക്കുകയും ചെയ്യുന്ന ദേവന്മാരുമായും അഡോണിസിനെ സാമ്യപ്പെടുത്തി. തമ്മൂസിന്റെ മുദ്ര കുരിശാണ്. വർഷംതോറും ശിശിരകാലത്ത് തമ്മൂസ് അധോലോകത്ത് അപ്രത്യക്ഷമാകുകയും വസന്തകാലത്ത് പുതിയജീവൻ പ്രത്യക്ഷപ്പെടുകയും ചെയ്യും. ബാബിലോന്യ കലണ്ടറിലെ നാലാമത്തെ മാസം തമ്മൂസ് ആണ്. പില്ക്കാലത്ത് യെഹൂദന്മാരും നാലാംമാസത്തെ (ജൂൺ, ജൂലൈ) തമ്മൂസ് എന്നു വിളിച്ചു.

**(14) തർത്തക് :** Tartak. അശ്ശൂർരാജാവ് ശമര്യയിൽ കുടിപാർപ്പിച്ച അവ്വക്കാർ ആരാധിച്ച മറ്റൊരു ദേവൻ. 2 രാജാ 17:31. ഇത് കഴുതയുടെ രൂപമുള്ള ഒരു വിഗ്രഹമാണെന്ന് ബാബിലോന്യൻ തല്മൂദിൽ പറയുന്നു.

**(15) ദാഗോൻ :** Dagon. ഒരു പ്രാചീന മെസൊപ്പൊട്ടേമ്യൻ ദേവൻ. മത്സ്യത്തിന്റെ ഉടലും മനുഷ്യന്റെ ശിരസ്സും കൈകളും ആണ് രൂപം. 1 ശമു 5:4. റാസ്ഷമ്രാ പുരാണമനുസരിച്ച് ദാഗോന്റെ മകനാണ് ബാൽ. ദാഗോന്റെ ഫെലിസ്ത്യരുടെ ദേശീയദേവനായിരുന്നു. അസ്തോദ്,

ഗസ്സ തുടങ്ങിയ പട്ടണങ്ങളിൽ ദാഗോന്റെ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. ന്യായാ 16:23–30. യിസ്രായേൽ മക്കൾ വാഗ്ദത്തനാട് കീഴടക്കുന്നതിനു മുമ്പുതന്നെ ദാഗോന്റെ പൂജ കനാനിൽ വ്യാപിച്ചിരുന്നു. കനാന്യരിൽ നിന്നായിരിക്കണം ഫെലിസ്ത്യർ ദാഗോനെ സ്വീകരിച്ചത്. ശിംശോന്റെ മരണരംഗം ദാഗോന്റെ ക്ഷേത്രം ആയിരുന്നു. ക്ഷേത്രം തകർന്നു വീണപ്പോൾ ശിംശോനോടൊപ്പം ഫെലിസ്ത്യരും മരിച്ചു. ന്യായാ 16:21–30. അസ്തോദിൽ ദാഗോന്റെ ക്ഷേത്രത്തിലായിരുന്നു ഫെലിസ്ത്യർ യഹോവയുടെ പെട്ടകം കൊണ്ടുവച്ചത്. 1 ശമു 5:2–5. ഗിൽബോവയിൽ നിഹതനായി വീണ ശൗൽ രാജാവിന്റെ തലയെ ഛേദിച്ച് ഫെലിസ്ത്യർ ബേത്ത്ശാനിൽ ദാഗോന്റെ ക്ഷേത്രത്തിൽ ബന്ധിച്ചു 1 ശമൂ 31:8–10; 1 ദിന 10:8–10. യുദ്ധക്കളത്തിൽ ദാഗോന്റെ വിഗ്രഹങ്ങളെ ചുമന്നുകൊണ്ടുപോകുന്ന പതിവ് ഫെലിസ്ത്യർക്ക് ഉണ്ടായിരിക്കുന്നിരിക്കണം. 2 ശമു 5:21.

**(16) നിബ്ഹസ് :** Nibhaz. അശ്ശൂർരാജാവ് ശമര്യയിൽ കുടിപാർപ്പിച്ച അവ്വക്കാർ നിബ്ഹസിനെ ആരാധിച്ചു. 2 രാജാ 17:31. ഈ ദേവനെക്കുറിച്ച് മറ്റൊന്നും അറിയാൻ കഴിഞ്ഞിട്ടില്ല.

**(17) നിസ്റോക് :** Nisroch. അശ്ശൂർരാജാവായ സൻഹേരീബാ (ബി.സി. 765–681) ആരാധിച്ചിരുന്ന ഒരു ദേവൻ. നിസ്റോക്കിന്റെ ക്ഷേത്രത്തിൽ വച്ചാണ് പുത്രന്മാരായ അദ്രമേലെക്കും ശരേസറും പിതാവിനെ വധിച്ചത്. 2 രാജാ 19:36,37. യെശ 37:38. രാജകഴുകന്റെ ആകൃതിയിലുള്ള ദേവനാണ് നിസ്റോക്. മർദ്ദൂക്കുമായി അടുത്തബന്ധമുണ്ട്.

**(18) നെബോ :** Nebo. അക്കാ. നാബൂ. ബാബിലോന്യദേവൻ: യെശ 46:1. ശാസ്ത്രത്തിന്റെയും സാഹിത്യാദികലയുടെയും അധിദേവത. ബാബിലോണിനടുത്തുള്ള ബോർസിപ്പാ ആണ് പ്രധാന ആരാധനകേന്ദ്രം. അശ്ശൂർ രാജാവായ അഷൂർ ബനിപ്പാൾ (അസ്നപ്പാർ എസ്രാ 4:10) നെബോയെ ആരാധിച്ചിരുന്നു. യെശയ്യാപ്രവാചകൻ 46:1. ബാബിലോണിന്റെ പ്രതീകമായി നെബോവിനെ പറഞ്ഞിട്ടുണ്ട്.

**(19) നെഹുഷ്ഠാൻ :** (താമ്രവസ്തു) Nehushtan. മോശ മരുഭൂമിയിൽ ഉയർത്തിയ താമ്രസർപ്പത്തിനു നല്കിയ പേർ. യിസ്രായേൽ മക്കൾ ഇതിനെ പൂജാവസ്തുവാക്കി മാറ്റി. 2 രാജാ 18:4. തന്മൂലം വിഗ്രഹാരാധന ദേശത്തു നിന്ന് ഉച്ചാടനം ചെയ്യാനുള്ള ശ്രമത്തിൽ ഹിസ്ക്കിയാ രാജാവ് നെഹുഷ്ഠാനെ ഉടച്ചുകളഞ്ഞു. 2 രാജാ 18:4.

**(20) നേർഗാൽ :** (മഹാനഗരത്തിന്റെ കർത്താവ്) Nergal. ബാബിലോണിലെ സൂര്യദേവൻ. 2 രാജാ 17:30. ബാബിലോണിലെ കൂഥയായിരുന്നു നേർഗാലിന്റെ പ്രധാന പൂജാകേന്ദ്രം. അശ്ശൂർ രാജാവ് ശമര്യയിൽ കൊണ്ടുചെന്നു കുടിപാർപ്പിച്ച ആൾക്കാർ നേർഗാലിനെ ആരാധിച്ചു. 2 രാജാ 17:24, 30,33. പ്ലേഗ്, യുദ്ധം, വെള്ളപ്പൊക്കം ഇവയ്ക്കു കാരണഭൂതനായി കരുതപ്പെട്ടിരുന്നു. ബാബേൽ രാജാവായ നെബൂഖദ്നേസരിന്റെ പ്രഭുക്കന്മാരിൽ ഒരുവനായ നേർഗ്ഗൽ ശരേസറിന്റെ പേരിൽ ഈ ദേവനെ കാണാം. യിരെ 39:3,13.

**(21) ബാൽ :** Baal. എബ്രായഭാഷയിൽ ബാലിന് ഉടമസ്ഥൻ, യജമാനൻ, കർത്താവ്, നാഥൻ എന്നീ അർത്ഥങ്ങളുണ്ട്. ബാൽ എന്ന പദം ദേവന്മാരോടും മനുഷ്യരോടും ചേർത്ത് ഉടമയെയും ദേശത്തെയും കുറിക്കുവാൻ പ്രയോഗിക്കും. യിസ്രായേൽമക്കൾ കനാനിൽ പ്രവേശിച്ചകാലത്ത് ഓരോ സ്ഥലത്തിനും നാഥനായി ഓരോ ദേവനെ (ബാൽ) പ്രതിഷ്ഠിച്ചിരുന്നു.

കനാന്യദേവഗണത്തിന്റെ തലവനായിരുന്നു ബാൽ. യിസ്രാലേൽ ജനതയുടെ ചരിത്രത്തിലുട നീളം ബാൽപൂജയുടെ ചിത്രങ്ങൾ കാണാം. ഏൽദേവന്റെ മകനാണ് ബാൽ. കൃഷിയുമായി ബന്ധപ്പെടുത്തി പ്രാചീന കനാന്യരും മെസൊപ്പൊട്ടേമ്യരും പൂജിച്ചിരുന്ന ദാഗോന്റെ മകനായും ബാൽ പറയപ്പെടുന്നുണ്ട്. മരണം, വെള്ളപ്പൊക്കം, ഇടി, മിന്നൽ തുടങ്ങിവയുടെ ദേവനാണ് ബാൽ. എല്ലാ മലമുകളിലും ബാലിന്റെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിരുന്നു. ബാലിനോടൊപ്പം അശേരപ്രതിഷ്ഠകളും ഉണ്ട്. മൃഗബലി, അനുഷ്ഠാനപരമായ ഭോജനം, കാമോത്മത്തനൃത്തം എന്നിവ ബാൽപൂജയുടെ ഭാഗമാണ്. ഉയർന്ന കുന്നിലെ പൂജാഗിരിക്കടുത്ത് സ്തംഭവിഗ്രഹ വും, സമീപത്ത് അശേരാപ്രതിഷ്ഠയും ഉണ്ട്. പൂജാഗിരികളിൽ വിശുദ്ധവ്യഭിചാരത്തിന് പ്രത്യേക മുറികളുണ്ട്. പുരുഷമൈഥുനക്കാർ ഇവിടങ്ങളിലുണ്ടായിരുന്നു. 1 രാജാ 14:23–24. ആഹാബ് രാജാവിന്റെ കാലത്തു ബാൽപൂജ യിസ്രായേലിൽ പ്രവൃദ്ധമായി. ഏലീയപ്രവാചകൻ ബാലിന്റെ പ്രവാചകന്മാരെ കർമ്മേൽ പർവ്വതത്തിൽ വച്ച് നേരിടുകയും സത്യദൈവത്തെ വെളിപ്പെടുത്തു കയും ചെയ്തു. തുടർന്ന് ബാലിന്റെ പ്രവാചകന്മാരെ മുഴുവൻ ഏലീയാ പ്രവാചകൻ കൊന്നു. ബാൽപൂജയെ പരസംഗത്തോടുപമിച്ചാണ് ഹോശേയാ പ്രവാചകൻ പറഞ്ഞിട്ടുള്ളത്. ഹോശയ 2:13. വിശ്വാസത്യാഗത്തിന്റെ കാലത്ത് എബ്രായർ തങ്ങളുടെ കുഞ്ഞുങ്ങളെ 'ബാൽ' ചേർത്തു വിളിച്ചു.

**(22) ബാൽ-പെയോർ :** (പെയോറിന്റെ നാഥൻ) Baal peor. പെയോർമലയിൽ ആരാ ധിക്കപ്പെട്ടുവന്ന മോവാബ്യദേവൻ. മോവാബ്യരുടെ ദേശീയ ദേവനായ കെമോശ് തന്നെയാ വാം ഈ ബാൽപെയോർ. യിസ്രായേൽമക്കൾ ശിത്തീമിൽ താവളമടിച്ചിരിക്കുമ്പോൾ മോവാ ബ്യസ്ത്രീകളുമായി പരസംഗം ചെയ്തു. അവർ കാമവൈകൃതങ്ങളോടു കൂടി ബാൽ പെയോ രിനെ പൂജിച്ചു. ഇതിന്റെ ശിക്ഷയായി യിസ്രായേൽ ബാധയാൽ പീഡിപ്പിക്കപ്പെട്ടു. സംഖ്യാ 25:1–9; 31:16; ആവ 4:3; യോശു 22:17; സങ്കീ 106:28; ഹോശ 9:10.

**(23) ബാൽ-ബെരീത്ത് :** (ഉടമ്പടി നാഥൻ) Baal Berith. ഗിദയോന്റെ മരണശേഷം ശെഖേമിൽ ആരാധിക്കപ്പെട്ട ദേവൻ. ന്യായാ 8:33; 9:4. ഉടമ്പടി ദേവൻ (ഏൽ ബെരീത്ത്) എന്നും പേരുണ്ട്. ന്യായാ 9:46.

**(24) ബാൽ സെബൂബ് :** (ഈച്ചകളുടെ തമ്പുരാൻ) Baal Zebub. ഫെലിസ്ത്യനഗര മായ എക്രോനിലെ ദേവൻ. സെബൂബ് എന്ന എബ്രായപദത്തിനർത്ഥം ഈച്ച എന്നത്രേ. ഈച്ച കളുടെ സ്രഷ്ടാവായ ഈ ദേവനു ഈച്ചകളെ നിയന്ത്രിക്കുവാൻ കഴിയും എന്നു വിശ്വസിക്ക പ്പെടുന്നു. യിസ്രായേൽ രാജാവായ അഹസ്യാവ് (ബി.സി.849) മാളികയുടെ കിളിവാതിലിൽ കൂടി വീണു ദീനംപിടിച്ചു. ഈ ദീനം മാറുമോ എന്നറിയാൻ അവൻ എക്രോനിലെ ബാൽസെ ബൂബിനോടു ചോദിക്കാൻ ദൂതന്മാരെ അയച്ചു. 2 രാജാ 1:12–16. മത്തായി 12:24–ൽ ബെയെ ത്സെബൂൽ എന്നു കാണാം. ഭൂതങ്ങളുടെ തലവൻ ആണ് ബെയെത്സെബൂൽ. മത്താ 12:24,27; മർ 3:22; ലൂക്കൊ 11:15,18. സാത്താനും ബെയെത്സെബൂൽ എന്ന പേരുണ്ട്. മത്തായി 12:26; മർക്കൊ 3:23,26; ലൂക്കൊ 11:18. ശേമ്യ സംസാരഭാഷയിൽ വീട്ടുടയവനെ ബെയെത്സെബൂൽ എന്നു വിളിച്ചുവന്നിരുന്നു. മത്താ 10:25.

**(25) ബുധൻ :** Mercury. റോമിലെ വ്യാപാരദേവത. സൂയസ്ദേവന്റെ പുത്രനായ ഹെർമ്മിസ് ആണ് ബുധൻ. വിപഞ്ചി കണ്ടുപിടിച്ചതും ദേവന്മാരുടെ മുന്നോടിയും മരിച്ചവരെ

പാതാളത്തിലേക്കു കൊണ്ടുപോകുന്നതും ബുധനാണ്. പ്രഭാഷണകലയുടെ അധിദേവത ബുധൻ ആയതുകൊണ്ടാണ് മുഖ്യപ്രസംഗിയായ പൗലോസിനെ ലുസ്രക്കാർ ബുധൻ എന്നു വിളിച്ചത്. അപ്പോ. 14:8–13.

**(26) ബേൽ :** Bel. അക്കാ. ബേലൂ. ബാലിന്റെ തത്ഭവം. യിരെ 50:2; 51:44; യെശ 46:1. ബാബിലോണിന്റെ കാവൽദേവൻ. യിരെ 51:44. ബാബിലോന്യദേവഗണത്തിന്റെ തലവനായ മർദൂക്കായിരിക്കണം. മർദൂക് എബ്രായർക്കു മെരോദക് ആണ്. സൂര്യദേവനാകയാൽ ഈ ദേവന്റെ ഉത്സവം ആഘോഷിക്കുന്നത് വർഷാരംഭത്തിലെ വസന്തത്തിലത്രെ. പ്രപഞ്ചശക്തികളായ കാറ്റ്, കൊടുങ്കാറ്റ് എന്നിവയുടെ ദേവനായി കരുതപ്പെട്ടുവന്നു. ഈ ദേവന്റെ ബിംബത്തെ വണങ്ങുവാനാണ് നെബൂഖദ്നേസർ രാജാവ് ദാനീയേലിനോടും കൂട്ടരോടും കല്പിച്ചതെന്ന് 'ബേലും സർപ്പവും' എന്ന അപ്പൊക്രിഫാ ഗ്രന്ഥം പറയുന്നു.

**(27) മിൽക്കോം :** (അവരുടെ രാജാവ്) Malcham. അമ്മോന്യരുടെ ദേവൻ. ശലോമോൻ അമ്മോന്യരുടെ മ്ലേച്ഛവിഗ്രഹമായ മിൽക്കോമിനെ സേവിച്ചു. 1 രാജാ 11:5,31. 300 വർഷത്തിനുശേഷം യോശീയാരാജാവ് ശലോമോൻ മിൽക്കോമിനു പണിതിരുന്ന പൂജാഗിരികളെ നശിപ്പിച്ചു. 2 രാജാ 23:13.

**(28) മെനി ദേവി :** (വിധി) (Meni). ഭാഗ്യദേവതാണ് മെനി. വിശ്വാസത്യാഗത്തിന്റെ കാലത്ത് എബ്രായ ജനത മെനിദേവിയെ ആരാധിച്ചു. യെസ 65:11.

**(29) മെരോദാക് :** Merodach. മർദൂക് എന്ന അക്കാദിയൻ ദേവന്റെ എബ്രായനാമം. ബാബിലോൺ പട്ടണത്തിന്റെ അധിദേവൻ. യിരെ 50:2. നെബൂഖദ്നേസറും കോരെശും മോരോദാക്കിനെ പൂജിച്ചു. ബാബിലോന്യ രാജാക്കന്മാരായ മെരോദാക് ബലദാൻ (യെശ 39:1). എവിൽ മേരോദാകാ 2 രാജാ 25:27 എന്നിവരുടെ പേരുകൾ മെരോദാക് ദേവനുമായി ബന്ധപ്പെട്ടതാണ്.

**(30) മൊലേക് :** (രാജാവ്) Molech. മെലെക്. (യിരെ 49:1,3), മല്ക്കാം (സെഫ 1:5), മൊലൊക്ക് (അപ്പൊ 7:43; ആമോ 5:26–ൽ രാജാവെന്നു വിവർത്തനം ചെയ്തിരിക്കുന്നു. മിൽക്കോം (1 രാജാ 11:5,33), മോലേക്ക് (1 രാജാ 11:7), മോലെക്ക് (യിരെ 32:35).

അമ്മോന്യരുടെ ദേവൻ : 1 രാജാ 11:5, 33, യിരെ 32:35 ൽ ബാലിനോടു ചേർത്താണ് മൊലേക്കിനെ പറഞ്ഞിട്ടുള്ളത്. മൊലേക്ക് ഒരു പ്രത്യേക ദേവനല്ലെന്നും സ്ഥാനപ്പേർ മാത്രമാണെന്നും കരുതുന്ന പണ്ഡിതന്മാർ ഉണ്ട്. മൊലേക്ക് ദേവന് കുഞ്ഞുങ്ങളെ അഗ്നിപ്രവേശം ചെയ്യിച്ചിരുന്നു. അമ്മോന്യർ തങ്ങളെ സംരക്ഷിക്കുന്ന പിതാവായിട്ടാണ് മൊലേക്കിനെ ആരാധിച്ചിരുന്നത്. മൊലേക്കിനെ ആരാധിക്കരുതെന്ന് യഹോവ യിസ്രായേൽ ജനത്തോട് കർശനമായി കല്പിച്ചിരുന്നു. ലേവ്യ 20:2–5. വിശ്വാസഭ്രഷ്ടരായ രാജാക്കന്മാർ (യിസ്രായേലിലെയും യെഹൂദയിലെയും) തങ്ങളുടെ കുഞ്ഞുങ്ങളെ അഗ്നിപ്രവേശം ചെയ്യിച്ചു. 2 രാജാ 17:17,18, യെഹ 23:4, 36–39. ശലോമോൻരാജാവ് യെരുശലേമിനു എതിരെയുള്ള മലയിൽ മൊലെക്കിനു പൂജാഗിരി പണിതു. 1 രാജാ 11:7,8 യെഹൂദാരാജാക്കന്മാരിൽ ആഹാസും മനശ്ശെയുമാണ് തങ്ങളുടെ സന്തതികളെ അഗ്നിപ്രവേശം ചെയ്യിച്ചത്. ആരും തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കാതിരിക്കേണ്ടതിന് ബെൻ ഹിന്നോം താഴ്വരയിലെ ദഹനസ്ഥലത്തെ യോശീയരാജാവ്

അശുദ്ധമാക്കി. 2 രാജാ 23:10–13. എന്നാൽ ഈ ആചാരം പൂർണ്ണമായി മാറിയില്ല. യെഹെസ്കേൽ പ്രവാചകന്റെ കാലത്ത് അതു തുടർന്നു. യെഹ 20:31.

**(31) രിമ്മോൻ :** (മാതളനാരകം) Rimmon. ദമ്മേശെക്കിൽ പൂജിച്ചുവന്ന ഒരു അരാമ്യദേവൻ. 2 രാജാ 5:18. അരാംരാജാവ് രിമ്മോന്റെ ക്ഷേത്രത്തിൽ പതിവായി നമസ്ക്കരിച്ചിരുന്നു. ഹദദ് രിമ്മോന്റെ സംഗൃഹീതരൂപമായിരിക്കണം രിമ്മോൻ. അരാമ്യരുടെ സൂര്യദേവൻ ഹദദ് ആണ്.

**(32) രേഫാൻ :** Rephan. സ്തെഫാനൊസ് ന്യായാധിപസംഘത്തിനു മുമ്പാകെ ചെയ്ത ഭാഷണത്തിൽ പരാമർശിച്ച ഒരു നക്ഷത്രദേവൻ. അപ്പൊ 7:43. സ്തെഫാനൊസ് (ആമോ 5:26, 27 ലെ സെപ്റ്റജിന്റ് വിവർത്തനത്തെ ഉദ്ധരിക്കയായിരുന്നു.

**(33) വനഭൂതം :** Satyr. ബാബിലോണിന്റെ ശൂന്യശിഷ്ടങ്ങളുടെ ഇടയിൽ ഭൂതങ്ങൾ നൃത്തം ചെയ്യുമെന്നും (13:21) എദോമ്യനഗരങ്ങൾ ശൂന്യമാകുമെന്നും അവിടെ വനഭൂതം വനഭൂതത്തെ വിളിക്കുമെന്നും (34:14) യെശയ്യാവ് പ്രവചിച്ചു. സായീർ എന്ന എബ്രായ പദത്തെയാണ് ഭൂതമെന്നും വനഭൂതമെന്നും രണ്ടു വിധത്തിൽ തർജ്ജമ ചെയ്തിട്ടുള്ളത്. രോമാവൃതൻ എന്നാണ് എബ്രായപദത്തിന്റെ അർത്ഥം. അതു സൂചിപ്പിക്കുന്നത് ആണാടിനെയാണ്. ലേവ്യ 17:7–ൽ ഭൂതം എന്നും 2 ദിന 11:14–ൽ മേഷവിഗ്രഹം എന്നും ഇതേ എബ്രായപദത്തെ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. മേഷരൂപത്തിലുള്ള വിഗ്രഹങ്ങളെയോ പ്രസ്തുത വിഗ്രഹങ്ങൾക്കു ചൈതന്യം നല്കുന്ന ഭൂതങ്ങളെയോ ആകണം ഈ പ്രയോഗം സൂചിപ്പിക്കുന്നത്. വെളി 18:2 ലെ ദുർഭൂതങ്ങളും വനഭൂതങ്ങളുടെ ഗണത്തിലുള്ളവയാണ്. യവന, റോമൻ പുരാണകഥകളനുസരിച്ച് ബാക്കസിന്റെ വനദേവനാണ് satyr അഥവാ വനഭൂതം.

**(34) സിക്കൂത്ത് :** Siccuth. ആമോ 5:26–ൽ രാജാവായ സിക്കൂത്ത് എന്നു പറഞ്ഞിരിക്കുന്നത് മൊലേക്ക് എന്നും സിക്കൂത്ത് എന്നും വ്യത്യസ്തമായി വിവർത്തനം ചെയ്യേണ്ടതാണ്. സിക്കൂത്ത് ഒരു നക്ഷത്രദേവന്റെ സംജ്ഞാനാമമായിരിക്കാനാണ് സാദ്ധ്യത. ശനിഗ്രഹത്തിന്റെ ബാബിലോന്യൻ പേരായ സാക്കൂത്ത് സിക്കൂത്ത് തന്നെ ആകണം. ബാബിലോന്യർ ശനിയെ കൈമനു എന്നുവിളിച്ചു. അതിന്റെ ആധുനിക രൂപങ്ങളാണ് കൈവാനു–വും കീയൂനും. ആമോ 5:26.

**(35) സൂക്കോത്ത് ബെനോത്ത് :** (പുത്രിമാരുടെ കൂടാരം) Succoth - Benoth. ശമര്യയിൽ കുടിപാർപ്പിക്കപ്പെട്ട ബാബിലോന്യർ പ്രതിഷ്ഠിച്ച വിഗ്രഹം. 2 രാജാ 17:30. മർദൂക്കിന്റെ ഭാര്യയായ സാർപ്പാനിത്തും (Zarpanitum) ആണെന്നു കരുതപ്പെടുന്നു.

**ഉപസംഹാരം**

വിഗ്രഹാരാധന എന്നാൽ എന്തെന്നും, അതിനാൽ ഉണ്ടാകുന്ന തിന്മകളും വിശദമായി വചന വെളിച്ചത്തിൽ നാം കണ്ടു. വീണ്ടും ജനിച്ച ദൈവമക്കളോട് ആണ് വിഗ്രഹാരാധന വേണ്ട എന്ന് ദൈവം കല്പിക്കുന്നത്. നമ്മുടെ പരിചയത്തിനടുത്തുള്ളവർ ക്രിസ്ത്യാനികൾ എന്നു പറയുമ്പോൾത്തന്നെ വിഗ്രഹാരാധനയും ഉള്ളവരാണെങ്കിൽ അവർ മാനസാന്തരപ്പെട്ട്, വീണ്ടും ജനിച്ച് ദൈവമക്കളാകാനും സത്യത്തിലും ആത്മാവിലും ജീവനുള്ള ദൈവത്തെ ആരാധിച്ച് 'സത്യാരാധകരാകാനും' അവർക്കു വേണ്ടി പ്രാർത്ഥിക്കാം!

- Selected

പ്രവചനം

# മേലാൽ സംഭവിപ്പാനുള്ളത്

എക്കാലമുള്ള മനുഷ്യന് തന്റെ ഭാവി അറിയുക എന്നുള്ളത് ആവേശകരമായ കാര്യമാണ്. ബൈബിൾ മനുഷ്യന്റെ ഭൂതം, ഭാവി, വർത്തമാനം എന്നിവ വ്യക്തമായി അവതരിപ്പിയ്ക്കുന്നു. ഇനി എന്ത് സംഭവിക്കും എന്നുള്ളത് തിരുവെഴുത്തുകളിലൂടെ പരിശോധിക്കാം.

യുഗാന്ത്യത്തെക്കുറിച്ചുള്ള പഠനം സുഗമമാകുന്നതിന് ഭാവിസംഭവങ്ങളുടെ കാലക്രമം മനസ്സിലാക്കിയിരിക്കേണ്ടതാണ്.

പ്രവചനങ്ങൾ കാലാനുക്രമമായല്ല വെളിപ്പെടുത്തിയിട്ടുള്ളത്. പ്രത്യേകിച്ചും പഴയനിയമപ്രവചനങ്ങൾ പഠിക്കുമ്പോൾ ഈ സത്യം വ്യക്തമാകും. രണ്ടുദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. അനുക്രമമായി സംഭവിക്കേണ്ടത് ക്രിസ്തുവിന്റെ കഷ്ടതയും മഹിമയുമാണ്. എന്നാൽ യെശയ്യാവ് 52–ാം അദ്ധ്യായത്തിൽ 13–ാം വാക്യം ക്രിസ്തുവിന്റെ മഹിമയും 14–ാം വാക്യം കഷ്ടതയും വീണ്ടും 15–ാം വാക്യം ക്രിസ്തുവിന്റെ രാജകീയപ്രഭാവവും പ്രവചിച്ചിരിക്കുകയാണ്.

"എന്റെ ദാസൻ കൃതാർത്ഥനാകും; അവൻ ഉയർന്നുപൊങ്ങി അത്യന്തം ഉന്നതനായിരിക്കും. അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറു വിരൂപമായിരിക്കക്കൊണ്ടു പലരും നിന്നെ കണ്ടു സ്തംഭിച്ചു പോയതുപോലെ, അവൻ പലജാതികളെയും കുതിച്ചുചാടുമാറാക്കും; രാജാക്കന്മാർ അവനെ കണ്ടു വായ്പൊത്തി നില്ക്കും; അവർ ഒരിക്കലും അറിഞ്ഞിട്ടില്ലാത്തതു കാണുകയും ഒരിക്കലും കേട്ടിട്ടില്ലാത്തു ഗ്രഹിക്കുകയും ചെയ്യും." യെശ 52:13–15. ഒരു വാക്യത്തിൽത്തന്നെ (യെശ 61:12), ക്രിസ്തുവിന്റെ ഒന്നാംവരവും (യഹോവയുടെ പ്രസാദവർഷം) രണ്ടാംവരവും (നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസം) പ്രവചിച്ചിട്ടുണ്ടായിരിക്കും. നസറെത്തിലെ പള്ളിയിൽ വെച്ച് "കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" എന്ന സ്ഥാനത്തെത്തിയപ്പോൾ പുസ്തകം മടക്കി ശുശ്രൂഷക്കാരനു തിരികെ കൊടുത്തിട്ടു യേശു ഇരുന്നു. തുടർന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു എന്നു പറഞ്ഞു. തുടർന്നുള്ള ഭാഗം ഇപ്പോൾ നിവൃത്തിയായില്ലെന്നും അതു പുനരാഗമനത്തിൽ നിറവേറുമെന്നും കർത്താവ് സൂചിപ്പിക്കുകയയായിരുന്നു: ലൂക്കൊ 4:16–21.

ഈ നിലയിൽ നോക്കിയാൽ പഴയനിയമപ്രവചനങ്ങളിൽ നിന്നും ഭാവികാലസംഭവങ്ങൾ കാലാനുക്രമമായി മനസ്സിലാക്കാൻ പ്രയാസമാണെന്നു കാണാം. ഭാവികാലസംഭവങ്ങളെ അനുക്രമമായി മനസ്സിലാക്കുവാൻ സഹായിക്കുന്ന രണ്ടു പ്രവചന പുസ്തകങ്ങളാണ് പഴയനിയമത്തിൽ ദാനിയേൽ പ്രവചനവും പുതിയനിയമത്തിൽ വെളിപ്പാടുപുസ്തകവും. ഇവയെ പ്രവചനവ്യാഖ്യാനത്തിന് താക്കോലുകളായി കണക്കാക്കാം.

ദാനിയേൽ പ്രവചനം 9–ാം അദ്ധ്യായത്തിലെ എഴുപത് ആഴ്ചകളെക്കുറിച്ചുള്ള ദർശനം പുതിയനിയമ പ്രവചനങ്ങളുടെ വ്യാഖ്യാനത്തിന് താക്കോലാണ്. ക്രിസ്തുവിന്റെ ഒലിവുമല പ്രഭാഷണത്തിലെ സംഭവങ്ങളെല്ലാം തന്നെ ദാനിയേൽ പ്രവചനത്തിലെ എഴുപതാം ആഴ്ച യിൽ ഉൾക്കൊള്ളുന്നതാണ്: ദാനി 9:27, മത്താ 24:15–22, മർക്കൊ 13:14–20.

വെളിപ്പാടു പുസ്തകത്തിലെ അധികഭാഗവും എഴുപതാം ആഴ്ചയുടെ വിശദീകരണമാണ്. ഈ എഴുപതാം ആഴ്ചയെ 1260 ദിവസം അഥവാ 42 മാസം അഥവാ മൂന്നരവർഷം ഉൾക്കൊള്ളുന്ന രണ്ടു തുല്യാർദ്ധങ്ങളായി വിഭജിച്ചിട്ടുണ്ട്. വെളി 11:2–3, 12:6,14, 13:5. ദാനിയേൽ 9–ൽ രണ്ടു പ്രഭുക്കന്മാരെക്കുറിച്ചു പറഞ്ഞിട്ടുണ്ട്; അഭിഷിക്തനായ പ്രഭുവും (ദാനി 9:25) വരുവാനിരിക്കുന്ന പ്രഭുവും (ദാനി 9:26). ഇവരിൽ ആദ്യത്തേത് ക്രിസ്തുവും രണ്ടാമത്തേത് എതിർക്രിസ്തുവുമാണ്. ഇതേ നിലയ്ക്കു തന്നെയാണ് വെളിപ്പാടു പുസ്തകത്തിലും ഭാവിസംഭവങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത്.

വെളിപ്പാടു പുസ്തകത്തിലെ കാലപരമായ അടുക്ക് വ്യക്തമായി മനസ്സിലാക്കിക്കൊണ്ട് തിരുവെഴുത്തുകളിലെ മുഴുവൻ പ്രവചനങ്ങളെയും പഠിക്കാവുന്നതേയുള്ളൂ. സഭാകാലം മുതലുള്ള **ആറു പ്രധാനഘട്ടങ്ങൾ** അതിവ്യാപ്തിയോ അവ്യാപ്തിയോ കൂടാതെ അനുക്രമമായി വെളിപ്പാടിൽ കാണാം. അവ:

**1. സഭാകാലം :**

വെളിപ്പാടിലെ ആദ്യത്തെ മൂന്നു അദ്ധ്യായങ്ങൾ കർത്താവിന്റെ ആളത്തത്തിന്റെ നിസ്തുല്യതയെ വെളിപ്പെടുത്തിയശേഷം സഭായുഗത്തെ ഏഴു സഭകൾക്കുള്ള ദൂതിൽ ഉൾപ്പെടുത്തി പറയുന്നു. രണ്ടും മൂന്നും അദ്ധ്യായങ്ങൾ കർത്താവ് തന്റെ വരവിനെക്കുറിച്ചു മൂന്നുപ്രാവശ്യം ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. (2:25, 3:3,11). സഭാകാലത്തെക്കുറിച്ചു വെളിപ്പെടുത്തിയശേഷം തുടർന്നു **4 മുതലുള്ള അദ്ധ്യായങ്ങളിൽ സഭയെക്കുറിച്ചൊരു പരാമർശവുമില്ല.**

**2. പീഡനകാലം :**

നാലും അഞ്ചും അദ്ധ്യായങ്ങൾ സ്വർഗ്ഗത്തിലെ ദർശനമാണ്. വെളി 4:1 ആരംഭിക്കുന്നതുതന്നെ 'ഇവയ്ക്കുശേഷം സംഭവിപ്പാനുള്ളത്' എന്ന വ്യക്തമായ പ്രസ്താവനയോടുകൂടെയാണ്. ഇതിൽ നിന്നും സഭാകാലത്തിനുശേഷമുള്ള സംഭവങ്ങൾ അഥവാ സഭ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടതിനു ശേഷമുള്ളവയാണ് നാലാം അദ്ധ്യായം മുതലുള്ളതെന്നു സ്ഫടികസ്ഫുടമാണ്.

വെളി 6 മുതൽ 19 വരെയുള്ള 14 അദ്ധ്യായങ്ങൾ മഹാപീഡനത്തെക്കുറിച്ചുള്ളവയാണ്. കർത്താവ് ഒലിവുമല പ്രഭാഷണത്തിൽ നേരിട്ടു ശിഷ്യന്മാരെ അറിയിച്ചതുമാണത്. മത്താ 24:21, മർക്കൊ 13:19.

**3. സഹസ്രാബ്ദവാഴ്ച (ആയിരം ആണ്ട് വാഴ്ച) :**

വെളിപ്പാട് 19–ാം അദ്ധ്യായം വരെ മഹാപീഡനവിവരണമാണ്. പത്തൊമ്പതാം അദ്ധ്യായം അവസാനിക്കുന്നത് ഹർമ്മഗെദ്ദോൻ യുദ്ധവർണ്ണനയോടുകൂടിയാണ്. തുടർന്നു 20:1–6 വരെ സഹസ്രാബ്ദവാഴ്ചയെക്കുറിച്ചു വെളിപ്പെടുത്തുന്നു.

**4. ഗോഗ് മാഗോഗ് യുദ്ധം :** ആയിരം ആണ്ടു കഴിയുമ്പോൾ സാത്താനെ അഗാധത്തിൽ നിന്നും അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലുദിക്കിലുമുള്ള ജനത്തെ യുദ്ധത്തിനായി കൂട്ടിച്ചേർക്കും. ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിക്കുകയും പിശാചിനെ ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളുകയും ചെയ്യും. വെളി 20:7–10 ൽ പ്രതിപാദിക്കപ്പെടുന്ന വിഷയം ഇതത്രേ.

**5. അന്ത്യന്യായവിധി (വെളി 20:11–15)**

**6. പുതിയ ആകാശഭൂമികൾ (വെളി 21:1–22:5)**

# ഭാവിസംഭവങ്ങളുടെ കാലാനുക്രമം

**ഇപ്പോൾ (വർത്തമാനാകലം) :**

1. സഭയുടെ അന്ത്യനാളുകൾ

ഇനി (ഭാവികാലം) (സ്വർഗ്ഗത്തിൽ നടക്കുന്നവ) :

2. ക്രിസ്തുവിന്റെ മദ്ധ്യാകാശവരവ്
3. ക്രിസ്തുവിൽ മരിച്ചവരുടെ പുനരുത്ഥാനം
4. ജീവനോടെ ശേഷിക്കുന്ന വിശുദ്ധന്മാരുടെ രൂപാന്തരം
5. സഭയുടെ ഉൽപ്രാപണം
6. ക്രിസ്തു സഭയെ സ്വർഗ്ഗത്തിൽ പിതാവിന്റെ സന്നിധിയിൽ നിർത്തുന്നു
7. ക്രിസ്തുവിന്റെ ന്യായാസനം
8. കുഞ്ഞാടിന്റെ കല്യാണം

**ഭൂമിയിൽ (നടക്കുന്നവ)** :

9. ഏകലോകസഭ നിലവിൽ വരുന്നു
10. മഹാപീഡനം
11. ദശരാഷ്ട്രസഖ്യം
12. എതിർക്രിസ്തുവിന്റെ ഉദയം
13. ഏഴു മുദ്രകൾ പൊട്ടിക്കുന്നു
14. എതിർക്രിസ്തു യിസ്രായേലുമായി സപ്തവത്സര ഉടമ്പടി ഉറപ്പിക്കുന്നു
15. രണ്ടു സാക്ഷികളുടെ പ്രവർത്തനം
16. യിസ്രായേലിന്മേൽ റഷ്യയുടെ ആക്രമണം

17. മാർഗ്ഗീയ ബാബിലോന്റെ (നാമധേയ സഭകളുടെ ഐക്യം) ശിക്ഷാവിധി
18. രണ്ടു സാക്ഷികളുടെ വധവും അവരുടെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും
19. സാത്താൻ സ്വർഗ്ഗസ്ഥലങ്ങളിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെടുന്നു
20. എതിർക്രിസ്തു ഉടമ്പടി ലംഘിക്കുന്നു
21. എതിർക്രിസ്തുവിന്റെ കിരാതവാഴ്ച
22. മൃഗത്തെ നമസ്കരിക്കാത്ത നാമധേയ (കൃപായുഗത്തിൽ രക്ഷിക്കപ്പെടാത്ത) ക്രിസ്ത്യാനികളും യെഹൂദന്മാരും കൊല്ലപ്പെടുന്നു
23. കാഹളന്യായവിധികൾ
24. ക്രോധകലശങ്ങളുടെ ന്യായവിധികൾ
25. രാഷ്ട്രീയ വാണിജ്യ ബാബിലോന്റെ ശിക്ഷാവിധി
26. ഹർമ്മഗെദ്ദോൻ യുദ്ധം
27. ക്രിസ്തുവിന്റെ മഹത്ത്വപ്രത്യക്ഷത
28. എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും ഗന്ധകത്തീപ്പൊയ്കയിൽ തള്ളിയിടുന്നു
29. യിസ്രായേലിന്റെ ശേഖരണവും ന്യായവിധിയും
30. ജീവനോടിരിക്കുന്ന ജാതികളുടെ ന്യായവിധി
31. സാത്താനെ ആയിരം വർഷത്തേക്ക് അഗാധത്തിൽ അടയ്ക്കുന്നു
32. പഴയനിയമവിശുദ്ധന്മാരുടെയും മഹാപീഡകാല വിശുദ്ധന്മാരുടെയും പുനരുത്ഥാനവും ന്യായവിധിയും
33. സഹസ്രാബ്ദവാഴ്ച (ആയിരം ആണ്ട് വാഴ്ച)
34. സാത്താനെ അല്പകാലത്തേക്ക് മോചിപ്പിക്കുന്നു
35. ഗോഗ് മാഗോഗ് യുദ്ധം
36. സാത്താനെയും പാപം ചെയ്ത ദൂതന്മാരെയും ന്യായംവിധിച്ച് ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളുന്നു
37. വലിയവെള്ള സിംഹാസന ന്യായവിധി
38. നിത്യത : പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരുശലേം

കർത്താവിന്റെ വരവിനായുള്ള പ്രവചനങ്ങൾ മുഴുവൻ പരിശോധിച്ചാൽ ഇനി സംഭവിക്കാനുള്ളവയുടെ ക്രമം മനസ്സിലാക്കാനാകും. ഈ സംഭവങ്ങളുടെ ക്രമം നമ്മെ വിശ്വാസത്തിൽ ഉറപ്പിക്കാനും നമ്മുടെ ജീവിതം എപ്പോഴും ഒരുക്കത്തിൽ ആയിരിക്കുവാനും സഹായിക്കും.

# ഉല്പത്തി പുസ്തകം

ബൈബിളിലെ ആദ്യപുസ്തകം. ആരംഭങ്ങളുടെ പുസ്തകം എന്നറിയപ്പെടുന്നു. പഴയ നിയമത്തിന്റെ ഗ്രീക്കു തർജ്ജമയായ സെപ്റ്റ്വജിന്റിൽ നിന്നാണ് ഉല്പത്തി എന്ന പേർ ലഭിച്ചത്. ഈ പേരിന്റെ അടിസ്ഥാനം ഉല്പത്തി 2:4 ലെ ആകാശവും ഭൂമിയും സൃഷ്ടിച്ചതിന്റെ ഉല്പത്തി വിവരം എന്ന പ്രസ്താവനയാണ്.

ഉല്പത്തി ഗ്രീക്കിൽ 'ഗെനെസെയോസ്' ആണ്. ഈ ഗ്രീക്കുപദത്തിൽ നിന്നാണ് ലത്തീനിലെയും ഇംഗ്ലീഷിലെയും **genesis** വന്നത്.

എബ്രായയിൽ മോശയുടെ അഞ്ചു പുസ്തകങ്ങൾക്കും പേര് പുസ്തകത്തിന്റെ ആദ്യ വാക്കോ പ്രയോഗമോ ആണ്. അതനുസരിച്ച് എബ്രായ ബൈബിളിൽ ഉല്പത്തി ബെറേയ്ഷീത് (ആദിയിൽ) ആണ്. തല്മൂദുകളുടെ കാലത്ത് ഉല്പത്തിക്കു നല്കിയിരുന്ന പേര് 'പ്രപഞ്ചസൃഷ്ടിയുടെ ഗ്രന്ഥം' എന്നായിരുന്നു.

ഫറവോന്റെ കൊട്ടാരത്തിൽ വളർന്ന മോശയ്ക്കു അക്കാലത്തെ ഏറ്റവും മെച്ചമായ വിദ്യാഭ്യാസം ലഭിച്ചു. മിസ്രയീമ്യരുടെ സകലജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു (അപ്പൊ 7:22) എന്നാണ് സ്തെഫാനൊസ് മോശയെക്കുറിച്ച് പറഞ്ഞത്. തനിക്കു ലഭിച്ച വിവരങ്ങളും രേഖകളും ദൈവിക വെളിപ്പാടുകയും രേഖപ്പെടുത്തി സൂക്ഷിക്കുവാൻ പ്രത്യേക താല്പര്യവും മോശക്കുണ്ടായിരുന്നു. പുറ 24:4, ആവ 31:9. കുടുംബസംബന്ധമായ രേഖകളെ വായ്മൊഴിയിലൂടെയോ ലിഖിതരൂപത്തിലോ സംപ്രേക്ഷണം ചെയ്തുവന്നു. ഇവയെ മോശെ സമാഹരിച്ചു സംശോധനം ചെയ്ത് ഗ്രന്ഥരചനയ്ക്കു ഉപയുക്തമാക്കി. ഉല്പത്തി ഒന്നാമദ്ധ്യായത്തിൽ കാണുന്ന സൃഷ്ടിയുടെ വൃത്താന്തം ദൈവം നേരിട്ടു വെളിപ്പെടുത്തിക്കൊടുത്തതായി കാണാം. ഒരു വ്യക്തി സ്നേഹിതനോടു സംസാരിക്കുന്നതു പോലെയാണ് ദൈവം മോശയോടു അഭിമുഖമായി സംസാരിച്ചത്. (പുറ 33:11, ആവ 34:12).

ഉല്പത്തി പുസ്തകത്തിന്റെ കർത്താവ് മേശെയാണെന്നു ക്രിസ്തു പരോക്ഷമായി വ്യക്തമാക്കിയിട്ടുണ്ട്. എട്ടാംനാളിൽ പരിച്ഛേദന ഏല്ക്കണം എന്ന കല്പന. ഉല്പത്തി 17:12–ലാണു നല്കിയിട്ടുള്ളത്. പ്രസ്തുത കല്പനയെ ന്യായപ്രമാണത്തിന്റെ ഭാഗമായി ക്രിസ്തു പ്രസ്താവിച്ചു. (യോഹ 7:23).

## ഉല്പത്തി പുസ്തകത്തിന്റെ പ്രാധാന്യം

ബൈബിൾ ദൈവികമായ വീണ്ടെടുപ്പ് ചരിത്രമായി പരിഗണിക്കപ്പെടുന്നു. ഈ നിലയിൽ അനന്തര വെളിപ്പാടുകളുടെയെല്ലാം ബീജനിലവും അധിഷ്ഠാനവും ഉല്പത്തി പുസ്തകമാണ്. ആരംഭങ്ങളുടെ പുസ്തകമായ ഉല്പത്തി ദൈവമൊഴികെ എല്ലാറ്റിന്റെയും ആരംഭം വിവരിക്കുന്നു. ആദ്യത്തെ പതിനൊന്ന് അദ്ധ്യായങ്ങൾ വീണ്ടെടുപ്പു നാടകത്തിന്റെ നാന്ദി അഥവാ മുഖവുരയാണ്. ഈ നാടകത്തിന്റെ ഒന്നാമങ്കം ആരംഭിക്കുന്നത് അബ്രഹാമിന്റെ വിളിയോടു (അപ്പോ:12) കൂടിയാണ്. നാടകം അവസാനിക്കുന്നത് എല്ലാറ്റിന്റെയും പരിസമാപ്തിയെ പ്രദർശിപ്പിക്കുന്ന വെളി

പ്പാടിലും. ഉല്പത്തി ആദിയിൽ, എന്നു കാലത്തെ നിർദ്ദേശിച്ചുകൊണ്ട് ആരംഭിക്കുന്നു. സൃഷ്ട ലോകത്തിന്റെ ഗതി സ്രഷ്ടാവായ ദൈവത്തിന്റെ ഹിതത്തിനും വിധിക്കും അധീനമാണ്.

സകലത്തിന്റെയും സ്രഷ്ടാവ് ദൈവമാണ്. അ.പ്ര.1 ആദ്യത്തെ മൂന്നു ദിവസങ്ങളിലെ സൃഷ്ടി പശ്ചാത്തല സജ്ജീകരണമാണ്. വെളിച്ചം, വിതാനം, സമുദ്രം, കര എന്നിവ ഒരുക്കിയതു ജീവജാലങ്ങളുടെ നിലനില്പിനു വേണ്ടിയാണ്. ആകാശം പക്ഷികൾക്കും സമുദ്രം മത്സ്യങ്ങൾക്കും ഭൂമി മൃഗങ്ങൾക്കും മനുഷ്യനുംവേണ്ടി സൃഷ്ടിക്കപ്പെട്ടു.

സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ. എന്നാൽ മനുഷ്യൻ അനുസരണക്കേടു കാട്ടി പാപത്തിൽ വീണു. അപ്പോ.പ്ര. 2,3. പാപം സാർവ്വത്രികമാണ്. പാപത്തിനു ദൈവീകമായ ശിക്ഷാവിധി ഉണ്ടെന്ന സത്യമാണ് പ്രളയവിവരണം വ്യക്തമാക്കുന്നത്. അപ്പോ.പ്ര. 6–9.

വീണ്ടും മനുഷ്യന്റെ അനുസരണക്കേട് ബാബേൽ ഗോപുരനിർമ്മാണത്തിലൂടെ പ്രകടമായി: അപ്പോ.പ്ര. 11 എന്നിട്ടും ദൈവത്തിന്റെ കൃപയും കരുണയും വെളിപ്പെട്ടു.

ദൈവകല്പന ലംഘിച്ച ആദാമിനെയും ഹവ്വയെയും ദൈവം തോട്ടത്തിൽ നിന്നു പുറത്താക്കി; എന്നാൽ അവരെ നശിപ്പിച്ചില്ല. സഹോദരനെ കൊന്ന കയീനെ ദൈവസന്നിധിയിൽ നിന്നു ആട്ടിക്കളഞ്ഞു; എന്നാൽ അവനൊരടയാളം നല്കി. പ്രളയം മനുഷ്യവർഗ്ഗത്തെ മുഴുവൻ ഗ്രസിച്ചു; എങ്കിലും സർവ്വമനുഷ്യരെയും തുടച്ചു മാറ്റിയില്ല. എട്ടുപേരെ ശേഷിപ്പിച്ചു; ഒപ്പം മൃഗങ്ങളിലും പക്ഷികളിലും തിരഞ്ഞെടുക്കപ്പെട്ടവയെയും. ബാബേൽ ഗോപുരം നിർമ്മിച്ച് ഒരിടത്ത് അടിഞ്ഞുകൂടാൻ ശ്രമിച്ച മനുഷ്യരെ ഭൂതലമെങ്ങും ചിതറിച്ചു; എങ്കിലും അവരെ ജീവിക്കാൻ അനുവദിച്ചു.

മനുഷ്യന്റെ സാർവ്വത്രികമായ വഷളത്തത്തോടുള്ള ദൈവത്തിന്റെ പ്രതികരണം പന്ത്രണ്ടാമദ്ധ്യായം മുതൽ വ്യക്തമാകുന്നു. വീണ്ടെടുപ്പു നാടകത്തിന്റെ ഒന്നാമങ്കം അവിടെ ആരംഭിക്കുകയാണ്. മനുഷ്യസാമാന്യത്തിൽ നിന്ന് അബ്രഹാമിനെ വിളിച്ചു വേർതിരിച്ചു പ്രത്യേകം നിയമം ചെയ്തു വാഗ്ദത്തം നല്കി. അതോടുകൂടി അതുവരെ ഒന്നായിരുന്ന മനുഷ്യവർഗ്ഗം രണ്ടായി തിരിഞ്ഞു; ജാതികളും തിരഞ്ഞെടുക്കപ്പെട്ടവരും. ഒരു ജാതിയെ ദൈവം തന്റെ ശുശ്രൂഷയ്ക്കായി വേർതിരിച്ചു. അവരിൽ നിന്നു കാലസമ്പൂർണ്ണതയിൽ ഒരു രക്ഷകൻ വരുമെന്ന് ഉറപ്പു നൽകി. തിരഞ്ഞെടുക്കപ്പെട്ട ജനം മിസ്രയീമിൽ പോകുന്നതോടുകൂടി ഉല്പത്തി പുസ്തകം അവസാനിക്കുന്നു. മിസ്രയീമിലെ അടിമത്തത്തിൽ നിന്നും വീണ്ടെടുക്കുന്നതാണ് പുറപ്പാടിലെ പ്രമേയം.

## വിഷയവിഭജനം

ഉല്പത്തി പുസ്തകത്തിന്റെ സ്വാഭാവികമായ വിഭജനം പത്തു വംശപാരമ്പര്യങ്ങളായാണ്. വംശാവലിക്ക് എബ്രായയിൽ കൊടുത്തിരിക്കുന്ന പ്രയോഗം തോൽദോത്ത് ആണ്. ഈ പ്രയോഗം ആദ്യം കാണുന്നത് ഉല്പത്തി 2:4–ലാണ്.

1. പ്രപഞ്ചത്തിന്റെ ഉല്പത്തി 1:1–2:4
2. ആദാമിന്റെ വംശപാരമ്പര്യം 5:1, 6:8

3. നോഹയുടെ വംശപാരമ്പര്യം 6:9, 9:29

4. നോഹയുടെ പുത്രന്മാരുടെ വംശപാരമ്പര്യം 10:1, 11:9

5. ശേമിന്റെ വംശപാരമ്പര്യം 11:10–26

6. തേരഹിന്റെ വംശപാരമ്പര്യം 11:27, 25:11

7. യിശ്മായേലിന്റെ വംശപാരമ്പര്യം 25:12–18

8. യിസ്ഹാക്കിന്റെ വംശപാരമ്പര്യം 25:19, 35:29

9. ഏശാവിന്റെ വംശപാരമ്പര്യം 36:1, 37:1

10. യാക്കോബിന്റെ വംശപാരമ്പര്യം 37:2, 50:26

ഉല്പത്തി പുസ്തകത്തിലെ പ്രതിപാദ്യം എട്ടു വാക്കുകളിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.

1. സൃഷ്ടി 2. വീഴ്ച 3. പ്രളയം 4. ബാബേൽ 5. അബ്രഹാം 6. യിസ്ഹാക്ക് 7. യാക്കോബ്, 8. യോസേഫ്.

1. സൃഷ്ടിവിവരണം ഉല്പത്തി 1:1–2:3

2. മനുഷ്യന്റെ ചരിത്രം 2:4–11:26

മനുഷ്യന്റെ സൃഷ്ടിയും വീഴ്ചയും 2:4–3:24 ജനവർദ്ധനവ് 4:1–6:8 പ്രളയം 6:9–9:29 ജാതികളുടെ ഉദയം : 10:1–11:26.

3. അബ്രഹാമിന്റെ ചരിത്രം 11:27–23:20

അബ്രഹാം വാഗ്ദത്തനാട്ടിൽ പ്രവേശിക്കുന്നു. 11:27–14:24, നിയമവും വാഗ്ദത്തവും 15:1–18:15, സൊദോമും ഗോമോറയും 18:16–19:38, യിസ്ഹാക്ക്, യിശ്മായേൽ 20:1–23:20

## കർത്താവിൽ നിദ്രപ്രാപിച്ചു



കൊല്ലം സ്വദേശിയായ സഹോ.മാത്യു ജോർജ്ജ് ആലുംമൂട്ടിൽ അവർകൾ കർത്താവിൽ നിദ്രപ്രാപിച്ചു. റെയിൽവേ ടിക്കറ്റ് പരിശോധകനായി ജോലി ചെയ്തിരുന്ന അദ്ദേഹം മുൻ ട്രൈബൽ മിഷൻ പ്രസിഡന്റായി പ്രവർത്തിച്ചിരുന്നു. 2017 ജനുവരി 17–ാം തിയതി കർത്താവിൽ നിദ്രപ്രാപിച്ചു. ഭാര്യ കൊല്ലത്ത് താമസിക്കുന്നു. ഒരു മകനുണ്ട്. ആഫ്രിക്കയിൽ ജോലി ചെയ്യുന്നു. ഈ കുടുംബത്തിന്റെ ആശ്വാസത്തിനുവേണ്ടി പ്രാർത്ഥിക്കണം. പല വർഷങ്ങളോളം എനിക്ക് ആത്മീയ സുഹൃത്തായിരുന്നു. ട്രൈബൽ മിഷന്റെ ദൈവവേലയിൽ കൂടുതൽ താല്പര്യം കാണിച്ച് പ്രവർത്തിച്ചിരുന്നു. ദൈവം ആ കുടുംബത്തിന് ആശ്വാസം നൽകുമാറാകട്ടെ.

# ബൈബിളിൽ ഭാര്യയുടെ സ്ഥാനം

"സ്ത്രീ സ്വാതന്ത്ര്യത്തിന്റെ" ആശയങ്ങളുടെയും ആവിഷ്ക്കാരങ്ങളുടെയും അലയൊലി എവിടെയും കേൾക്കുന്ന നേരമാണിത്. ഇത്രയും കാലം സ്ത്രീകൾ അടിമത്തത്തിലായിരുന്നു വെന്നും ഇപ്പോഴാണ് സ്വാതന്ത്ര്യത്തിന്റെ പ്രാണവായു കുറഞ്ഞതോതിൽ ലഭിച്ചു തുടങ്ങിയിരി ക്കുന്നുവെന്നതുമാണ് "സ്ത്രീപക്ഷവാദി" കളുടെ നിലപാട്. 'സ്വാതന്ത്ര്യം' എന്ന ആശയത്തിലെ പൊരുത്തക്കേടുകളാണ് ഇന്നത്തെ പല 'ജല്പനങ്ങ' ളുടെയും പിന്നിൽ. ബൈബിൾ എന്നും 'സ്ത്രീ പക്ഷ' ത്താണ്. ഒരു ഉദാഹരണം ചൂണ്ടിക്കാട്ടി ഈ ലേഖനം തുടങ്ങാം.

അനുസരണക്കേടിന്റെ ആദ്യനാമ്പ് തുടങ്ങുന്നതു ഏദെൻ തോട്ടത്തിലാണ്. അവിടെ ദൈവത്തിനും, ഭർത്താവിനും കീഴടങ്ങാത്ത 'തന്റേടിയും' 'ആത്മീയ വ്യഭിചാരി' യുമായ ഹവ്വയെ കാണാം. സാത്താനാൽ വഞ്ചിക്കപ്പെട്ട് പാപത്തിന്റെ ഇരുളിന്റെ ആഴത്തിലേക്ക് പതിക്കുന്ന ഹവ്വ യെയും ഹവ്വയുടെ സന്തതികളെയും കാണാം.

പക്ഷേ പാപപ്രവേശനത്തിന്റെ ഉത്തരവാദിത്തം കണക്കാക്കുമ്പോൾ രണ്ടാം സ്ഥാന ത്താണ് ദൈവം ഹവ്വായെ നിർത്തുന്നത്. എന്നും സ്ത്രീത്വത്തെ ബഹുമാനിക്കുന്ന, ആദരി ക്കുന്ന നിലപാടാണ് ഉല്പത്തി മുതൽ വെളിപ്പാട് വരെ കാണാൻ കഴിയുന്നത്. ബൈബിൾ – കുടുംബത്തിനും കുടുംബം പണിയുന്ന ഭാര്യയ്ക്കും ഉത്തമസ്ഥാനം നല്കുന്നു. ബൈബിൾ ഉടനീളം "കുടുംബസംവിധാന" ത്തിന്റെ ഉദ്ദേശവും ലക്ഷ്യവും വെളിപ്പെടുത്തുന്നു. അവ നമുക്കു നോക്കാം:

**1. കുടുംബത്തിൽ ഭാര്യ** :

കുടുംബം ദൈവസംവിധാനമാണ്. നിത്യതയിൽ ആവിഷ്കരിച്ച പദ്ധതിയാണ്. സ്വർഗ്ഗ സന്തോഷം ഭൂമിയിൽ കൊണ്ടുവരാൻ ദൈവം സൃഷ്ടിച്ചവരാണ് ഭാര്യമാർ.

തങ്ങൾ ആരെന്നും, തങ്ങളുടെ ഉത്തരവാദിത്തങ്ങൾ എന്തെന്നും അറിയാൻ ഓരോ സ്ത്രീയും കുഞ്ഞുനാൾ മുതൽ ദൈവവചനത്തിൽ അഭ്യസനം ലഭിച്ചിരിക്കേണ്ടതാണ്. തീത്തോസ് 2:4,5. ചൊട്ടയിൽ നിന്ന് വചനപ്രകാരമുള്ള ശീലം ലഭിച്ചവർക്കേ ദൈവം അനുഗ്ര ഹിക്കുന്ന രീതിയിലുള്ള ഉന്നത നിലവാരത്തിലുള്ള കുടുംബജീവിതം നയിക്കാനാവൂ.

വേദനയോടെ പറയട്ടെ ഇന്നത്തെ കാലത്ത് ദൈവവചനവും പഥ്യോപദേശവും ഒഴികെ ബാക്കിയെല്ലാം പെൺകുട്ടികൾക്കു ലഭിക്കുന്നു. ഇഹലോകപരമായ അറിവിന്റെ തുളുമ്പുന്ന കുടങ്ങളാണ് ഇന്നത്തെ ഓരോ പെൺകുട്ടികളും. ഫലമോ നിരാശയും, വേദനയും നിറഞ്ഞ കുടുംബജീവിതങ്ങൾ. വചനം പറയുന്നു: "അറിവ് ചീർക്കുന്നു / അഹങ്കാരം നല്കുന്നു / തല

ക്കനം നല്കുന്നു / തൻപോരിമ നല്കുന്നു/ ഗൗരവം നല്കുന്നു/ താഴ്മ, വിനയം എന്നിവ നശിപ്പിക്കുന്നു" 1 കൊരി 8:1. "ഇഹലോക അറിവ് – ശ്രമം/നല്കുന്നു" സഭാ 1:8; ക്ഷീണം/ ഭാരം/ദുഃഖം നല്കുന്നു. സഭാ 12:12.

പക്ഷേ യഥാർത്ഥ അറിവ് എല്ലാ നന്മകളും സൗഭാഗ്യങ്ങളും നല്കുന്നു. യഥാർത്ഥ അറിവ് എന്താണ്? പരിശുദ്ധനെ (ക്രിസ്തുവിനെ/കർത്താവായ യേശുക്രിസ്തുവിനെ)ക്കുറിച്ചുള്ള പരിജ്ഞാനമാണ് യഥാർത്ഥ അറിവ് – സദൃശ്യവാക്യങ്ങൾ 9:10. ഈ യഥാർത്ഥ അറിവ് ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന ഭൂരിപക്ഷം പേരിലും ഇല്ലാത്തതിനാലാണ് കുടുംബകലഹങ്ങളും, ഛിദ്രങ്ങളും, വഴക്കുകളും, വേർപിരിയലും കൂടിക്കൊണ്ടിരിക്കുന്നത്.

ഏതിലും, എന്തിനും കർത്താവിന് ഒന്നാം സ്ഥാനം നല്കി കർത്താവിന്റെ ഹിതം (തിരുവചനത്തിലൂടെ) മനസ്സിലാക്കി മുന്നോട്ടുപോകാൻ തീരുമാനിച്ചാൽ കുടുംബജീവിതം സന്തോഷത്തിന്റെ കലവറയായിരിക്കും. ദൈവതിരുമനസ്സിന് സന്തോഷം നൽകിയ കുടുംബങ്ങളെക്കുറിച്ച് വേദപുസ്തകത്തിൽ കാണാം. കുടുംബം നന്നാകണമെങ്കിൽ ഭാര്യ നന്നായിരിക്കണം. വേദപുസ്തകമനുസരിച്ച് ഭാര്യ ഭർത്താവിന് :

1. തക്ക തുണയായിരിക്കണം (ഉല്പത്തി 2:18)
2. വിശ്വസ്തതയുള്ളവളായിരിക്കണം (1 കൊരി 7:2)
3. വിട്ടുമാറാതെ എപ്പോഴും (ഇടവിടാതെ) ചേർന്ന് വസിക്കണം (1 കൊരി 7:3)
4. ഇഷ്ടമുള്ള രീതിയിൽ മാത്രം നടക്കണം (1 കൊരി 7:33, 34)
5. എല്ലാറ്റിനും അനുസരിക്കണം (എഫെ 5:22–24)
6. എപ്പോഴും ബഹുമാനിച്ചുകൊണ്ടേയിരിക്കണം (എഫെ 5:33)
7. എപ്പോഴും സ്നേഹിച്ചുകൊണ്ടേയിരിക്കണം (തീത്തോസ് 3:4)

ഇതിന് കാരണം : ഭാര്യമാർ ഭർത്താവിനെ സ്നേഹിച്ച്, ബഹുമാനിച്ച്, അടുപ്പത്തിൽ വസിക്കുമ്പോൾ **അവരറിയാതെ തന്നെ കർത്താവിനെ ബഹുമാനിക്കുകയാണ്!**

## 2. കുടുംബം ദൈവത്തിന്റെ ഏറ്റവും വിശിഷ്ട സമ്മാനം :

വിജയകരമായ കുടുംബത്തിന് ആവശ്യം ദൈവഭയ (ജ്ഞാനം)മാണ്. യഥാർത്ഥ ദൈവത്തെ അറിയുകയും അവിടത്തെ വാക്കുകളായ വേദപുസ്തകമനുസരിച്ച് നടക്കുകയും ചെയ്യുമ്പോൾ അത് നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും മാറ്റം കൊണ്ടുവരുന്നു. ഇങ്ങനെയൊരു മാറ്റം, അനുഗ്രഹം നിങ്ങളുടെ ജീവിതത്തിൽ വേണമെങ്കിൽ ബൈബിൾ പറയുന്ന ഒരു ഭാര്യയായി നിങ്ങൾ മാറേണ്ടതുണ്ട്. നല്ല ഭാര്യയായിത്തീരാൻ ആദ്യപടി – ദൈവത്തിന് (ദൈവവചനത്തിന്) ഒന്നാംസ്ഥാനം നല്കിയേ തീരൂ (മത്തായി 6:33) ദൈവവചനത്തിന് ഒന്നാം സ്ഥാനം നല്കുമ്പോൾ സാമർത്ഥ്യമുള്ള ഭാര്യയായിത്തീരുന്നു.

# സാമർത്ഥ്യമുള്ള ഭാര്യ

1. മടികൂടാതെ എപ്പോഴും സന്തോഷത്തോടെ ക്ലേശകരമായ വീട്ടുകാര്യങ്ങൾ ചെയ്യുന്നു (സദൃ 31:13)
2. നന്നാ അതിരാവിലെ എഴുന്നേല്ക്കുന്നു; എല്ലാവർക്കും ശേഷം കിടക്കയിലേക്കു പോകുന്നു (സദൃ 31:15–18)
3. വീട്ടിലുള്ള ഓരോരുത്തരുടെയും ആവശ്യങ്ങൾ, ഇഷ്ടങ്ങൾ അറിഞ്ഞ് പ്രവർത്തിക്കുന്നു, വേണ്ടത് നല്കുന്നു (സദൃ 31:2,7,15)
4. മക്കളെ ദൈവവചനം അഭ്യസിപ്പിച്ച്, ദൈവവഴികളിൽ നടത്തുന്നു. (2 തിമൊ 1:5), വീട്ടു കാര്യം മാത്രം നോക്കുന്നു. (തീത്തോ 12:5) (ഏഷണിക്കും പരദൂഷണത്തിനും സമയം ലഭിക്കില്ല)
5. ദൈവം നല്കുന്ന ഓരോ നന്മകളും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നു (സദൃ 31:16,17)
6. അയൽപ്പക്കത്തും, ആവശ്യത്തിലിരിക്കുന്ന ഏവർക്കും നന്മകളും, സഹായങ്ങളും ചെയ്തു കൊണ്ടേയിരിക്കുന്നു. (സദൃ 31:20)
7. ഭാവിയെയും, തലമുറകളെയും, **നിത്യതയെയും മുന്നിൽക്കണ്ട്** വേണ്ട പദ്ധതികളിടുന്നു. (സദൃ 31:21–25)
8. **വാക്കുകൾ ഏതു സമയത്തും** കൃപ നിറഞ്ഞതും, ഇമ്പമുള്ളതുമാണ്. (സദൃ 31:26)
9. നിത്യതയിൽ – ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പിൽ – വീട്ടിനകത്ത് മാത്രം ശുശ്രൂഷിച്ചതിന്റെ മഹത്വം, പ്രതിഫലം പ്രാപിക്കും, ദൈവത്താൽ മാനിക്കപ്പെടും. (സദൃ 31:30,31)

ഇതാണ് "സാമർത്ഥ്യമുള്ള" ഭാര്യ (സദൃ 31:10). സാമർത്ഥ്യമുള്ള ഭാര്യയുടെ ഹൃദയം – ദൈവവചനം, സ്തുതി, സ്തോത്രം എന്നിവകൊണ്ട് കവിഞ്ഞുകൊണ്ടേയിരിക്കും. പരിശുദ്ധാത്മാവിന്റെ നിറവ് ഉണ്ടായിരുന്നാലേ ഈ അനുഭവത്തിൽ എത്താനാകൂ (എഫെ 5:17–24). പരിശുദ്ധാത്മ നിറവിന് – യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, അവിടുത്തെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കേണ്ടതുണ്ട്. (സങ്കീ 1:2,3). ക്ലേശകരമായ ഈ ജീവിതത്തിൽ ദൈവം നല്കിയ ഭർത്താവ്, മക്കൾ, വീട്ടുകാർ, വീട്, സമ്പത്ത്, ദൈവം അനുവദിച്ചിരിക്കുന്ന (Permissive will) കഷ്ടങ്ങൾ, നഷ്ടങ്ങൾ, വേദനകൾ, നിരാശകൾ, വേർപാടുകൾ, ദുഃഖങ്ങൾ എന്നിവയിൽ പിറുപിറുക്കാതെയും എല്ലാം നന്മക്കായി ചെയ്യുന്ന (റോമ 8:28) കർത്താവിൽ വിശ്വസിച്ച് നിത്യതയിലേക്ക് നിങ്ങളുടെ കുടുംബത്തെ നയിക്കാൻ വേണ്ട ശക്തി ദൈവം നല്കട്ടെ! ഒരുത്തമ ഭാര്യയായിത്തീരാൻ, നിങ്ങളുടേത് ഒരുത്തമ കുടുംബമായിത്തീരാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# We Wish You
# A Happy New Year - 2017

**'യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിന് ഞങ്ങളെ നിങ്കലേക്കു മടക്കിവരുത്തേണമേ;
ഞങ്ങൾക്കു പണ്ടത്തെപ്പോലെ, ഒരു നല്ല കാലം വരുത്തേണമേ'
(വിലാപങ്ങൾ 5:21).**

"THE LORD YOUR GOD PERSONALLY CARES FOR! HIS EYES ARE ALWAYS UPON IT(YOU), DAY AFTER DAY **THROUGHOUT THE YEAR**(2017)". Deu 11:12

JANUARY 2017

## Printed Book/Book Post

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.